# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.9/72/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.9/72/2023 തീയ്യതി: 23/03/2023

## ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 03-01-2023 | 12-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-01-2023 | 12-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു പി, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീമതി.ശ്രീദേവി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രീത,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ .എൻ സജീവൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.ലത എൽ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഐശ്വര്യ റ്റി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ബിനിൽ ബി ചന്ദ്രൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.നൂപുര | മെഡിക്കൽ ഓഫീസർ , എഫ്.. എച്ച്. സി, | 01-04-2021 | 31-03-2022 |
| ഡോ.നിഷ എ എൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ശേഷനാഗ് എം പി | മെഡിക്കൽ ഓഫീസർ , ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ശ്രീമതി.സജീദ എസ് | എച്ച്.എം.ഗവ.എൽ.പി.എസ് | 01-04-2021 | 31-03-2022 |
| ശ്രീ.ജിനു അരവിന്ദ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.രാജീവ്കുമാർ ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഗീത | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-07-2021 |
| ശ്രീമതി.പ്രിയങ്ക | ഡെയറി ഫാം ഇൻസ്ട്രക്ടർ | 19-07-2021 | 31-03-2022 |
| ശ്രീമതി. ഹയറുന്നിസ എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 29-06-2021 |
| ശ്രീമതി.അർച്ചന എം എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 30-06-2021 | 31-03-2022 |
| ശ്രീമതി.ജീന ഗോപിനാഥ് | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. അനീസ്യ ലാൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 09-07-2021 |
| വേക്കന്റ് | അസിസ്റ്റന്റ് സെക്രട്ടറി | 10-07-2021 | 21-07-2021 |
| ശ്രീമതി.ബിന്ദു ആർ | അസിസ്റ്റന്റ് സെക്രട്ടറി | 22-07-2021 | 30-11-2021 |
| ശ്രീമതി.ഗീതാകുമാരി | അസിസ്റ്റന്റ് സെക്രട്ടറി | 01-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | തൊഴിൽ നികുതി - അർദ്ധവർഷവരുമാനത്തിനനുസൃതമായി തുക ഈടാക്കിയില്ല-300/-രൂപയുടെ നഷ്ടം | 1-10 |
| 12 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-11 |
| 13 | സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-12 |
| 14 | വാട്ടർ ചാർജ്ജ് -കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുന്നു | 1-13 |
| 15 | വൃദ്ധർക്ക് കട്ടിൽ വിതരണം-അനർഹരായവർക്ക് ആനുകൂല്യം നൽകി-13050/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു | 1-14 |
| 16 | ബിരുദ തലത്തിലുള്ള പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്-50000/-രൂപ തടസ്സപ്പെടുത്തുന്നു | 1-15 |
| 17 | പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല-നഷ്ടം-17592/- | 1-16 |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന ഉപകരണം-30000/-രൂപ തടസ്സപ്പെടുത്തുന്നു | 1-17 |
| 19 | സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി-ബാങ്ക് അക്കൌണ്ടിലൂടെയല്ലാതെ തുകകൾ നൽകുന്നു- | 1-18 |
| 20 | അനുപൂരക പോഷകാഹാര പദ്ധതി-ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തി - | 1-19 |
| 21 | തുടർ സാക്ഷരത -10-ാം തരം 11-ാംതരം ഗുണഭോക്താക്കളുടെ കോഴ്സ് പൂർത്തീകരണ രേഖകൾ ഇല്ല- | 1-20-1 |
| 22 | തുടർ സാക്ഷരത -12-ാം തരം തുല്യത പരീക്ഷ - ഗുണഭോക്താക്കളുടെ കോഴ്സ്പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല- | 1-20-2 |
| 23 | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക മുൻകൂർ നൽകയിട്ടും മരുന്ന് | 1-21 |

| | | |
|---|---|---|
| | പൂർണ്ണമായും ലഭിച്ചില്ല | |
| 24 | ലൈഫ് ഭവനനിർമ്മാണം - അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയില്ല | 1-22 |
| 25 | കന്നുകുട്ടി പരിപാലനം - വിനിയോഗരേഖകളുടെ അഭാവത്തിൽ 625000/- രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 26 | SSK വിഹിതം- വിനിയോഗരേഖകളില്ല-1000000/-രൂപ തടസ്സപ്പെടുത്തുന്നു- | 1-24 |
| 27 | സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു-നഷ്ടം- 11116/- രൂപ | 1-25 |
| 28 | WMM-അനുവദനീയമായ കനത്തിലും കൂടുതലായി നിർവ്വഹിച്ചു-അധിക ചെലവ് -353091/- രൂപ | 1-26 |
| 29 | മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-കേന്ദ്ര സർക്കാരിന് നഷ്ടം -5119/-രൂപ | 1-27 |
| 30 | MGNREGS- കോൺക്രീറ്റിംഗ് പ്രവർത്തികൾ- സിമന്റിന് മാർക്കറ്റ് നിരക്കിനെക്കാൾ വളരെ ഉയർന്ന നിരക്ക് നൽകുന്നു- ഭീമമായ അധിക ചെലവ്- | 1-28 |
| 31 | കയർഭൂവസ്ത്രം വിരിക്കൽ- ചെയ്ത അളവിനെക്കാൾ അധികം തൊഴിൽ ദിനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു - | 1-29 |
| 32 | MGNREGS- രേഖകൾ എഴുതി സൂക്ഷിച്ചിരിക്കുന്നതിലെ അപാകതകൾ- | 1-30 |
| 33 | ആദായ നികുതി ഈടാക്കിയിട്ടില്ല - | 1-31 |
| 34 | കുടിവെള്ളവിതരണം നടത്തിയതിന് നൽകിയ തുകയിൽനിന്ന് ആദായ നികുതി കുറവ് ചെയ്തില്ല | 1-32 |
| 35 | സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി- | 1-33 |
| 36 | കോവിഡ് പ്രതിരോധ പ്രവർത്തനം- ഡി സി സി പ്രവർത്തന ചെലവ്- അവശേഷിക്കുന്ന തുക തിരികെ സർക്കാരിലേക്ക് നൽകിയിട്ടില്ല | 1-34 |
| ഭാഗം **2** | | |
| 1 | തൊഴിൽ നികുതി - അർദ്ധവർഷവരുമാനത്തിനനുസൃതമായി തുക ഈടാക്കിയില്ല-300/-രൂപയുടെ നഷ്ടം | 2-1 |
| ഭാഗം **3** | | |
| 1 | സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു-നഷ്ടം- 11116/- രൂപ | 3-1 |
| 2 | WMM-അനുവദനീയമായ കനത്തിലും കൂടുതലായി നിർവ്വഹിച്ചു-അധിക ചെലവ് -353091/- രൂപ | 3-2 |
| 3 | പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ" തരത്തിലല്ല-നഷ്ടം-17592/- | 3-3 |

| | | |
|---|---|---|
| 4 | വൃദ്ധർക്ക് കട്ടിൽ വിതരണം-അനർഹരായവർക്ക് ആനുകൂല്യം നൽകി-13050/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു | 3-4 |
| 5 | കുടിവെള്ള വിതരണം നടത്തിയതിന് നൽകിയ തുകയിൽനിന്ന് ആദായ നികുതി കുറവ് ചെയ്തില്ല | 3-5 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുകയുടെ വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 ലെ ബജറ്റ് 16.02.2021 ലെ 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 18.03.2022 തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ളതുമായ വരവ്-ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 495071000 | 508208000 |
| വാർഷിക കണക്ക് പ്രകാരം<br>(ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പ്രകാരം) | 274012084 | 268931813 |

ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ളതുമായ വരവ്-ചെലവുകളും തമ്മിൽ ഭീമമായ അന്തരമാണുള്ളത്.

## 1-2 വാർഷിക ധനകര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 14.06.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധന

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. Corporation Bank Own Fund അക്കൗണ്ടിന്റെ( 450210101)റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 4007/- രൂപയുടെ ചെക്ക് ക്ലിയർ ചെയ്യാനുണ്ട്. ഇതിൽ ചുവടെ ചേർക്കുന്നവ കാലാവധി കഴിഞ്ഞ ചെക്കുകളാണ്.

| വൗച്ചർ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 22100235 | 408513 | 22.07.2021 | 767 |
| 22100151 | 408494 | 01.06.2021 | 440 |
| 22100234 | 408513 | 22.07.2021 | 2360 |
| 22100150 | 408493 | 01.06.2021 | 440 |
| ആകെ | | | 4007 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ രസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2.വാർഷിക കണക്കിലെ നീക്കിയിരുപ്പിന്റെ വിവരം കാണിക്കുന്ന RP-40 (B) യിൽ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള അക്കൌണ്ടുകൾ നിലവിൽ നിർജ്ജീവമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബാങ്ക് | തുക |
|---|---|---|
| VPF A | ട്രഷറി | 3185654 |
| പുനർജനി | സർവ്വീസ് സഹകരണബാങ്ക്,പെരുമ്പള്ളി | 56725 |
| തനത്ഫണ്ട് | കോർപ്പറേഷൻ ബാങ്ക്-520101054225457 | 1017064 |

ടി തുകകൾ ഏതൊക്കെ ഇനത്തിലുള്ളതാണെന്ന് വിശദീകരിക്കേണ്ടതാണ്.

3) വാർഷിക കണക്ക് പ്രകാരം Bidders EMD എന്ന ശീർഷകത്തിൽ തൻവർഷം 92300/- രൂപ ലഭിച്ചതായും 65300/- രൂപ തിരികെ നൽകിയതായും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ 142300/-രൂപ വരവും 115300/- രൂപ ചെലവും രേഖപ്പെടുത്തിയിരിക്കുന്നു.

4.വികസന ഫണ്ടിന്റെ(എസ്.സി.പി) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം 2614446/-രൂപ ചെലവുള്ളതായി കാണുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രിക രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-7, ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6എന്നിവ പ്രകാരം 2509446/-രൂപയാണ് ചെലവ്

രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസം 105000/-

5.ബാലൻസ് ഷീറ്റ് B-4 ഷഡ്യൂളിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുക ലയബിലിറ്റിയായി ഇപ്പോഴും അവശേഷിക്കുന്നത് ഏതൊക്കെ ഇനത്തിലുള്ളതാണെന്നും, എന്തുകൊണ്ടാണ് ഇപ്രകാരം തുക അവശേഷിക്കുന്നതെന്നും വിശദീകരിക്കേണ്ടതാണ്.

| ഇനം | തുക |
|---|---|
| Centrally Sponsored Scheme- Total Sanitation Campaign(TSC) | 552124 |
| Centrally Sponsored Scheme- Integrated Child Development Scheme(ICDS) | 228560 |
| Grants – Funds For Pandemic/Epidemc Control | 1000000 |
| Grants, Funds & Contributions For Specific Purposes – Other Government Agencies - Total Sanitation | 2637438 |
| Grants, Funds & Contributions For Specific Purposes Other Government Agencies | 1387500 |
| Contribution For Joint Venture Projects (For Capital Expenditure)- From Block Panchayats | 390000 |
| Contribution For Joint Venture Projects (For Revenue Expenditure)- From Block Panchayats | 1297906 |
| Contribution For Joint Venture Projects (For Revenue Expenditure)- From District Panchayats | 220123 |
| Nirmal Puraskar | 1458916 |

6.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Beneficiary Contribution ഇനത്തിൽ 627398/-രൂപ നിലനിൽക്കുന്നു. തുക ഏതൊക്കെ പ്രോജക്ടുകൾക്കുവേണ്ടി സമാഹരിച്ചതാണെന്ന വിവരങ്ങൾ അറിയിക്കേണ്ടതാണ് . പ്രോജക്ട് നടപ്പാക്കാൻ കഴിയാത്തപക്ഷം ഗുണഭോക്താക്കൾക്ക് തുക തിരികെ നൽകേണ്ടതാണ്.

7. പെർമിറ്റ് രജിസ്റ്ററിൽ ഡിസിബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൻമൂലം വാർഷിക കണക്കിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

*8.കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011 റൂൾ 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2021-22 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.*

*എ)അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.*

ബി)അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

## 1-3 സാമ്പത്തിക വിശകലനം

| 2021-22 | |
|---|---|
| മുന്നിരിപ്പ് | 18708751.89 |
| വരവ് | 109525598 |
| ആകെ | 128234349.89 |
| ചെലവ് | 103285580 |
| നീക്കിയിരിപ്പ് | 24948769.89 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ക്രമ നം | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് RP-7 | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട്-പൊതുവിഭാഗം | 38255333 | 2646667 | 34408995 | 37055662 | 3846338 |
| 2 | വികസനഫണ്ട്-എസ്.സി.പി | 2536000 | 0 | 2509446 | 2509446 | 26554 |
| 3 | വികസനഫണ്ട്-ടി.എസ്.പി | 8300 | 0 | 0 | 0 | 8300 |
| 4 | സംരക്ഷണ ഗ്രാന്റ് -റോഡ് | 10944000 | 0 | 8454573 | 8454573 | 2489427 |
| 5 | സംരക്ഷണഗ്രാന്റ് -നോൺ റോഡ് | 10175448 | 0 | 7168821 | 7168821 | 3006627 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ്- Untied | 7830594 | 0 | 5863471 | 0 | 1967123 |
| 7 | ധനകാര്യകമ്മീഷൻ ഗ്രാന്റ് Tied | 17023435 | 0 | 6641572 | 0 | 10381863 |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2021-22 | 159 | 115717112 | 92 | 76542819 | 33 | 46 | 57.86 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 500 | 1396641 | 1397141 | 1394885 | 2256 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 135128054 | 135128054 | 135128054 | |
| ആകെ | 500 | 136524695 | 136525195 | 136522939 | 2256 |

## 1-7 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 98880 | 47 |
| കർഷകതൊഴിലാളി പെൻഷൻ | 788800 | 590 |
| വിധവാ പെൻഷൻ | 15990600 | 11851 |
| വാർദ്ധക്യകാല പെൻഷൻ | 21098900 | 16963 |
| വികലാംഗ പെൻഷൻ | 7181800 | 4738 |
| അവിവാഹിത പെൻഷൻ | 1273000 | 921 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 330000 | 11 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.01.2023 തീയതിയിൽ 3.00 പി എം ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4564/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.
2.പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.
3.തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം 2021-22ലും നടപ്പിലാക്കിയിട്ടില്ല.
4.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ ഉപയോഗിച്ച് നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളിൽ ഫൈനൽ ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് അനുവദിച്ചു നൽകിയത് മൂലം കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്.
5.ക്ഷേമ പെൻഷനുകൾ ഗുണഭോക്താവിന്റെ മരണശേഷവും വിതരണം നടത്തുകയും, അനർഹർ കൈപ്പറ്റുകയും ചെയ്യുന്നു. ആയത് നിരീക്ഷിച്ച്, തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

6.കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം ഒരു ഓഫീസിലെ ഫർണിച്ചർ, ബുക്ക്സ് & സ്റ്റേഷനറി,ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം നടത്തുന്ന വകുപ്പുകളിൽ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, തുടങ്ങിയവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഇപ്രകാരം സ്റ്റേഷനറി, കംപ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കംപ്യൂട്ടറിന്റെയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റേഷനറിയുടെയും വിവരങ്ങളെല്ലാം തന്നെ ഒരു രജിസ്റ്ററിൽ എഴുതിയിട്ടുണ്ടെങ്കിലും, സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ വാറന്റിയുടെ വിവരം, ബില്ലിന്റെ വിവരങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല. അധികാരപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

7.കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 153 പ്രകാരം വകുപ്പ് തലവൻ തന്റെ ചുമതലയിലുള്ള സ്റ്റോറിന്റെ മാർച്ച് 31 ലെ സ്ഥിതി വിവരം മെയ് മാസത്തിൽ എടുക്കേണ്ടതും ഉപയോഗശൂന്യമായവ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, ഇതു സംബന്ധിച്ച് റിപ്പോർട്ട് ജൂൺ 15ന് മുമ്പ് മേലധികാരിക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇപ്രകാരം സ്റ്റോക്കെടുപ്പ് നടത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 തൊഴിൽ നികുതി - അർദ്ധവർഷവരുമാനത്തിനനുസൃതമായി തുക ഈടാക്കിയില്ല- 300/-രൂപയുടെ നഷ്ടം

| സ്ഥാപനം | ജീവനക്കാരന്റെ /ജീവനക്കാരിയുടെ പേര് | അർദ്ധവർഷം | തസ്തിക | ആകെ അർദ്ധവാർഷിക വരുമാനം | ചുമത്തേണ്ട തൊഴിൽ നികുതി | ചുമത്തിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| കൃഷി ഭവൻ, ആറാട്ടുപുഴ | ഷീജ എസ് | 1 | പി റ്റി എസ് | 81534 | 750 | 600 | 150 |
| ” | ” | 2 | ” | 80676 | 705 | 600 | 150 |
| ആകെ | | | | | | | 300 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/10.01.23) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ, കുറവ് വന്ന തുക(300/-രൂപ) തിരികെ ഈടാക്കി സാക്ഷ്യപ്പെടുത്തിയ രസീത് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.
1.സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

| | |
|---|---|
| എസ്.എസ്.വി.എം<br>റസിഡൻഷ്യൽ സ്കൂൾ | I & 2 |
| നീതുമോൾ എസ്, മത്സ്യഫെഡ് പ്രോജക്ട് ഓഫീസ് തറയിൽക്കടവ് | 2 |
| ബി.എസ്.എൻ.എൽ | 1&2 |

*2.* പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന അംഗീകൃത കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

*3.* സ്ഥാപന നികുതി
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനനികുതി ഒടുക്കിയിട്ടില്ല.

| | |
|---|---|
| മിനി മുത്തൂറ്റ് നിധി ലിമിറ്റഡ് | I &II |
| മാവേലി സ്റ്റോർ, തറയിൽകടവ് | I &II |
| കെ.എസ്.ഇ.ബി ലിമിറ്റഡ്, ആറാട്ടുപുഴ | I &II |
| എസ്.സി.ബി പെരുമ്പള്ളി -1746 | I &II |
| മാവേലി സ്റ്റോർ, ആറാട്ടുപുഴ | I&II |
| യൂണിയന് ബാങ്ക്, ആറാട്ടുപുഴ | I&II |
| നല്ലാണിക്കൽ എസ്സ്.സി.ബി നം-2600 | I&II |
| ആറാട്ടുപുഴ ക്ഷീരോൽപാദക സഹകരണം സംഘം | I&II |
| കണ്ടല്ലൂർ ക്ഷീരോൽപാദക സഹകരണം സംഘം | I&II |
| ബി.എസ്.എൻ.എൽ | I&II |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ/ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം (18/10.01.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ/സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2021-22 വർഷം നടപ്പാക്കിയ വിവിധ നിക്ഷേപ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | നൽകിയ തുക/ ബിൽ നം./തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 117/22<br>സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 1)1892847/-(318 /31.03.2022)<br>2)613600/-(319 /31.03.2022)Total-2506447/- |
| 2 | 189/22<br>വിവിധ വാർഡുകളിൽ ട്യൂബ് വെൽ സ്ഥാപിക്കൽ. | ഭൂജലവകുപ്പ് | 1)2280000/-<br>(206/14.02.2022)<br>2)955000/-(320 /31.03.2022)<br>Total-3235000/- |
| 3 | 163/22<br>വൈദ്യുത പോസ്റ്റുകൾ മാറ്റിയിടൽ | കെ എസ് ഇ ബി | 92589<br>136/01.12.2021 |
| 4 | എം സി എഫ് കുടിവെള്ള കണക്ഷൻ | കേരള വാട്ടർ അതോറിറ്റി | 213/16.02.2022<br>21300 |
| 5 | 121/22<br>മണിവേലിക്കടവിൽ പുതിയ ട്യൂബ്വെൽ സ്ഥാപിക്കൽ | ഭൂജലവകുപ്പ് | 205/14.02.2022<br>327000 |
| | ആകെ | | 6182336/- |

മേൽ പ്രോജക്ടുകൾ പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ നിലവിലെ സ്ഥിതിവിവരം അറിയിക്കേണ്ടതാണ്. കൂടാതെ പ്രസ്തുത പ്രോജക്ടുകളിൽ കെ.എസ്.ഇ.ബി, ഭൂജലവകുപ്പ് എന്നിവയുമായി കരാറിലേർപ്പെടാതെയാണ് തുക കൈമാറിയിട്ടുള്ളത്. സർക്കാർ ഉത്തരവ് കൈ നം. 11/2018/തസ്വഭവ. തീയതി.29-01-2018, ഖണ്ഡിക 11.2 പ്രകാരം ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക മുൻകൂർ നൽകുന്നതിന് മുൻപ് കരാറിൽ ഏർപ്പെടേണ്ടതാണ്. എൻക്വയറി നം.9/09.01.2023. പ്രവൃത്തി പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 6182336/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-13 വാട്ടർ ചാർജ്ജ് -കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുന്നു

2021-22 സാമ്പത്തിക വർഷം വാട്ടർ അതോറിറ്റി 966 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ എല്ലാ മാസവും 4,65,934/- രൂപ ഡിമാന്റ് ചെയ്തു വരുന്നു. 09.03.2022-ലെ 61457 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശികയിനത്തിൽ 18,63,20,114/-രൂപ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്. തൻവർഷം ഫൈൻ ഇനത്തിൽ തന്നെ പ്രതിമാസം 36 ലക്ഷത്തിലധികം രൂപ വരുന്നുണ്ട്. 31.03.2021 ലെ കുടിശിക 14,83,87,609/- രൂപയായിരുന്നു. മുൻവർഷങ്ങളിൽ ഒടുക്കിയതുക ഡിമാന്റിൽ കുറവ് വരുത്താത്തതും പ്രതിമാസം വാട്ടർ ചാർജ്ജ് ഒടുക്കാത്തതുമാണ് ഫൈൻ വർദ്ധിക്കുന്നതിനുള്ള കാരണം. ഇത്രയും ഭീമമായ തുക അടയ്ക്കാൻ പഞ്ചായത്തിന് കഴിയാത്തതിനാലാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു നിശ്ചിത തുക വാട്ടർ അതോറിറ്റിക്ക് അടയ്ക്കുന്നത് എന്നാണ് ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/09.01.2023) മറുപടി ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉപയോഗത്തിലുള്ള പൊതു ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിന് അവസാനമായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയത് 01.08.2019 ലാണ്. അതിൽ 973 പൊതു ടാപ്പുകൾ ഉപയോഗിക്കുന്നതായാണ് റിപ്പോർട്ട്ചെയ്തിട്ടുള്ളത്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ലക്ഷങ്ങൾ. മുടക്കി ഡെപ്പോസിറ്റ് വർക്കായി വിവിധ വാർഡുകളിൽ ട്യൂബ് വെൽ സ്ഥാപിക്കുകയും വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ പൊതു ടാപ്പുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരേണ്ടതാണ്. തൻവർഷം 2701000 രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ടെങ്കിലും ഒരുമാസത്തെ പിഴപലിശ ക്രമീകരിക്കാൻ പോലും ഈ തുക പര്യാപ്തമല്ല. സർക്കാർ ഗ്രാന്റിൽ നിന്നും വാട്ടർ അതോറിറ്റിക്കുവേണ്ടി തുക കുറവ് ചെയ്ത കാലം മുതലുള്ള കണക്ക് തയ്യാറാക്കി വിവരം KWAയുടെ ശ്രദ്ധയിൽപ്പെടുത്തി കുടിശിക കൃത്യമാക്കുന്നതിനും ഉപയോഗത്തിലുള്ള ടാപ്പുകളുടെ മാത്രം ചാർജ്ജ് അടയ്ക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-14 വൃദ്ധർക്ക് കട്ടിൽ വിതരണം-അനർഹരായവർക്ക് ആനുകൂല്യം നൽകി- 13050/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

പ്രോജക്റ്റ് നം.: 41/22

പ്രോജക്റ്റിന്റെ പേര്: പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ

അടങ്കൽ: 251000/-

ചെലവ് : 204453/-

BRN No-21070952008401463592, 27.03.22, 204453/-

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പിലാക്കിയ പട്ടികജാതി വൃദ്ധർക്ക് കട്ടിൽ വിതരണം എന്ന പദ്ധതി പ്രകാരം ആകെ 47 ഗുണഭോക്താക്കൾക്ക് ആർട്ട്കോയിൽ നിന്നും കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾ സമർപ്പിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഫയലിൽ സിഡ്കോയുടെ പ്രഫോർമ ഇൻവോയിസ് പ്രകാരം കട്ടിൽ ഒന്നിന് 4300/- രൂപയായിരിക്കെ 4350/-രൂപയ്ക്ക് ആണ് ആർട്ട്കോയിൽ നിന്ന് വാങ്ങൽ നടത്തിയിരിക്കുന്നത്. വിശദീകരണം നൽകേണ്ടതാണ്.

മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്/മേൽവിലാസം | റിമാർക്ക്സ് |
|---|---|---|
| 1 | മോഹനൻ,മേലെടുത്തുകാട്ടിൽ,ആറാട്ടുപുഴ | അപേക്ഷ ഹാജരാക്കിയിട്ടില്ല. |
| 2 | ശശി,വടക്കേഇലമ്പാത്ത്,ആറാട്ടുപുഴ | അപേക്ഷ ഹാജരാക്കിയിട്ടില്ല.രജിസ്റ്ററിൽ രണ്ട് പ്രാവശ്യം കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നു.<br>ആധാർ കാർഡ് പ്രകാരം ടി ഗുണഭോക്താവിന്റെ ജനന വർഷം 1964ആണ്. അതിൻ പ്രകാരം 03/22 ൽ ടിയാരിക്ക് 58വയസ്സ് മാത്രമെ പൂർത്തിയാകു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 60 വയസ്സ് കഴിഞ്ഞവർക്ക് മാത്രമെ ടി ആനുകൂല്യം നൽകാനാവൂ. |
| 3 | സരസമ്മ,പാണ്ഡ്യാലയിൽ,ആറാട്ടുപുഴ | അപേക്ഷ ഹാജരാക്കിയിട്ടില്ല. |
| 4 | ശശിധരൻ,ഇടശ്ശേരികാട്ടിൽ,ആറാട്ടുപുഴ | അപേക്ഷ ഹാജരാക്കിയിട്ടില്ല. |
| 5 | തങ്കപ്പൻ,മേലടത്തുകാടിൽ,ആറാട്ടുപുഴ | രജിസ്റ്ററിൽ കട്ടിൽ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ല. |
| 6 | ഓമന,വടക്കേഇലമ്പാത്ത്,ആറാട്ടുപുഴ | രജിസ്റ്ററിൽ കട്ടിൽ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ല. |
| 7 | ഭാസ്കരൻ,മേലടത്തുകാടിൽ,ആറാട്ടുപുഴ | രജിസ്റ്ററിൽ കട്ടിൽ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ല. |
| 8 | കൊച്ചുചെറുക്കൻ,കിഴക്കേമുക്കതിൻ,ആറാട്ടുപുഴ | ആധാർ കാർഡ് പ്രകാരം ടി ഗുണഭോക്താവിന്റെ ജനന വർഷം 1963 ആണ്. അതിൻ |

| | | |
|---|---|---|
| | | പ്രകാരം 03/22 ൽ ടിയാരിക്ക് 59 വയസ്സ് മാത്രമെ പൂർത്തിയാകൂ. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 60 വയസ്സ് കഴിഞ്ഞവർക്ക് മാത്രമെ ടി ആനുകൂല്യം നൽകാനാവൂ. |
| 9 | സുദർശന,പുത്തൻമണ്ണേൻ,ആറാട്ടുപുഴ | ആധാർ കാർഡ് പ്രകാരം ടി ഗുണഭോക്താവിന്റെ ജനന വർഷം 1974ആണ്. അതിൻ പ്രകാരം 03/22 ൽ ടിയാരിക്ക് 48വയസ്സ് മാത്രമെ പൂർത്തിയാകൂ. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 60 വയസ്സ് കഴിഞ്ഞവർക്ക് മാത്രമെ ടി ആനുകൂല്യം നൽകാനാവൂ. |

അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/28.6.22) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ സബ്സിഡി മാർഗ്ഗ രേഖ പ്രകാരമുള്ള അടിസ്ഥാന മാനദണ്ഡമായ 60 വയസ്സ് തികയാത്ത ഗുണഭോക്താവിന് നൽകിയ കട്ടിലിന്റെ വിലയായ 13050/- രൂപ (ക്രമ നം.2,8,9 എന്നിവ പ്രകാരമുള്ളത്) ഓഡിറ്റിൽ നിരാകരിക്കുന്നു.തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-15 ബിരുദ തലത്തിലുള്ള പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്-50000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.:34/22

പ്രോജക്ടിന്റെ പേര്: ബിരുദ തലത്തിലുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്

അടങ്കൽ-335000/-

ചെലവ് : 315000/-

BRN No-631381, 15.11.21, 40000/-

BRN No-697547, 26.11.21, 15000/-

BRN No-21070452, 14.02.22, 180000/-

BRN No-21070952008401349197, 24.02.22, 80000/-

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പിലാക്കിയ ടി പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്/മേൽവിലാസം | ബിൽ നം/തീയതി | നൽകിയ തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ലക്ഷമി രാജീവ് | BRN No-21070452, 14.02.22,180000/- | 30000/- | അപേക്ഷ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 2 | അഷ്ടമിരാജ് എസ് | " | 20000/- | " |

കൂടാതെ ഈ പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കളായ ആരും തന്നെ പട്ടികജാതി വികസന വകുപ്പിൽ നിന്ന് ആനുകൂല്യം നൽകിയിട്ടില്ലെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട വകുപ്പിൽ നിന്നും മേൽ ഗുണഭോക്താക്കൾക്ക് ഇതേ ആനുകൂല്യ നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (നം.13/10.01.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മെറിറ്റോറിയസ് സ്കോളർഷിപ്പിനുള്ള അർഹതാരേഖ ഹാജരാക്കാത്തതിനാൽ 50000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല-നഷ്ടം-17592/-

ദർഘാസ് പരസ്യങ്ങൾ “വിൻഡോ മാതൃകയിൽ,” രണ്ട് കോളം (8cm) X (3cm) = 24 $Cm^2$ വലുപ്പത്തിലുള്ളതായിരിക്കണമെന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും (സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2021-22സാമ്പത്തിക വർഷം പദ്ധതി രൂപീകരണം നിർവ്വഹണം മോണിട്ടറിംഗ് എന്ന പ്രോജക്ടിൽപ്പെടുത്തി (പ്രോജക്ട് നം.10/2022) താഴെപ്പറയുന്ന ദിനപ്പത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ ബിൽ പരിശോധിച്ചതിൽ അവ നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ഇത് പരസ്യചെലവ് കൂടുന്നതിനിടയാക്കി. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം | ബിൽ നം/ തീയതി/തുക | ഇൻവോയിസ് നം./തീയതി ദിനപത്രം | നല്കിയ പരസ്യത്തിന്റെ വലുപ്പം/ നിരക്ക് | ചെലവ് | അനുവദനീയമായ വലുപ്പം/ചെലവ് | അധികം ചെലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | 47/03.09.2021<br>7854 | 321000019652/<br>25.06.2021<br>മാതൃഭൂമി | 4×8=32$cm^2$<br>275/$cm^2$ | 8800<br>-<br>Discount15%<br>(1320)<br>+GST<br>(5%)374<br>=7854/- | 3×8 =24 $Cm^2$<br>24×275= 6600<br>-<br>Discount15%<br>(990)<br>+GST (5%)281<br>=5906 | 1948 |
| 2 | 118/23.11.2021<br>24004/- | 321000054926/<br>06.10.2021<br>മാതൃഭൂമി | 5×8=<br>40 $Cm^2$<br>275/$cm^2$ | 11000<br>Discount15%<br>(1650)<br>+GST<br>(5%)468<br>=9817 | 3×8 =24 $Cm^2$<br>24×275= 6600-<br>Discount15%<br>(990)<br>+GST (5%)281<br>=5906 | 3911 |
| 3 | | 321000042431/<br>03.09.2021<br>മാതൃഭൂമി | 5×8=<br>40 $Cm^2$<br>275/$cm^2$ | 11000<br>Discount<br>15%<br>(1650)<br>+GST<br>(5%)468<br>=9817 | 3×8 =24 $Cm^2$<br>24×275= 6600-<br>Discount15%<br>(990)<br>+GST (5%)281<br>=5906 | 3911 |
| 4 | 239/15.03.2022<br>240/15.03.2022<br>19636 | 321000065907/<br>06.11.2021<br>മാതൃഭൂമി | 5×8=<br>40 $Cm^2$<br>275/$cm^2$ | 11000<br>Discount<br>15%<br>(1650)<br>+GST<br>(5%)468<br>=9817 | 3×8 =24 $Cm^2$<br>24×275= 6600-<br>Discount15%<br>(990)<br>+GST (5%)281<br>=5906 | 3911 |
| 5 | 239/15.03.2022<br>240/15.03.2022<br>19636 | 321000077910/<br>06.12.2021<br>മാതൃഭൂമി | 5×8=<br>40 $Cm^2$<br>275/$cm^2$ | 11000<br>Discount<br>15%<br>(1650)<br>+GST<br>(5%)468<br>=9817 | 3×8 =24 $Cm^2$<br>24×275= 6600-<br>Discount15%<br>(990)<br>+GST (5%)281<br>=5906 | 3911 |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | | | | | 17592 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/11.01.23) മറുപടി ലഭിച്ചില്ല. അധികം ചെലവഴിച്ച 17592/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 1-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന ഉപകരണം-30000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.: S0050/22

പ്രോജക്ടിന്റെ പേര്: പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന ഉപകരണം

അടങ്കൽ: 105000/-

ചെലവ് : 104993/-

BRN No-21070952008401463600, 27.03.22, 104993/-

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന ഉപകരണം വിതരണം എന്ന പദ്ധതി പ്രകാരം ആകെ 21 ഗുണഭോക്താക്കൾക്ക് ആർട്ട്കോയിൽ നിന്നും മേശയും കസേരയും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ടി പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

A.താഴെ പറയുന്ന വിദ്യാർത്ഥികൾ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പേര്/മേൽവിലാസം | റിമാർക്ക്സ് |
|---|---|---|
| 1 | ആകാശ്.എസ്. S/oസുനിൽ ആർ | സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 2 | ആദിത്യ വിനോദ് D/oവിനോദ്.കെ | സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |

B.4 ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

4 ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ലത്തതിനാൽ ഈ വിദ്യാർത്ഥികൾക്ക് നൽകിയ മേശയുടെയും കസേരയുടെയും വിലയായ 20000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)22/18/ത.സ്വ.ഭ.വ. 14.2.18 ഖ.7.2.7) പ്രകാരം ഈ ആനുകൂല്യം ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരു തവണ മാത്രമേ നൽകാവൂ എന്നും പട്ടികജാതി വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളവർ അർഹരല്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പട്ടികജാതി വകസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (11/9.1.23) മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട വകുപ്പിൽ നിന്നും മേൽ ഗുണഭോക്താക്കൾക്ക് ഇതേ ആനുകൂല്യ നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. 4 ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ലത്തതിനാൽ ഈ വിദ്യാർത്ഥികൾക്ക് നൽകിയ മേശയുടെയും കസേരയുടെയും വിലയായ 20000/- രൂപയും സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലത്ത മേൽ സൂചിപ്പിച്ച വിദ്യാർത്ഥികൾക്ക് നൽകിയ പഠന ഉപകരണത്തിന്റെ വിലയായ 10000/-രൂപയും ഉൾപ്പടെ 30000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി-ബാങ്ക് അക്കൌണ്ടിലൂടെയല്ലാതെ തുകകൾ നൽകുന്നു-

എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്ന പദ്ധതി പ്രകാരം കുട്ടികൾക്ക് ഭക്ഷണം വാങ്ങി നൽകിയ വകയിൽ 50000/- രൂപ തനതു ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ടി തുക വിവിധ സ്ഥാപനങ്ങൾ ഹാജരാക്കിയിട്ടുള്ള ബില്ലുകളുടെ അടിസ്ഥാനത്തിൽ എച്ച്.എം മുൻകൂർ ആയി നൽകിയതായാണ് രേഖകൾ. പല സ്ഥാപനങ്ങളുടേതായി ഹാജരാക്കിയിട്ടുള്ള ഈ ബില്ലുകളെല്ലാം തന്നെ 1000/- രൂപയ്ക്കു മേലുള്ളവയാണ്. ധന വിനിയോഗവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ(പി) 177/2006/ഫിൻ. തീയതി.12.04.2006, ഖണ്ഡിക 8.1 പ്രകാരം, 1000/- രൂപയ്ക്ക് താഴെയുള്ള തുകകൾ മാത്രമാണ് പണമായി ലഭ്യമാക്കാവുന്നത്. എന്നാൽ ഈ പദ്ധതിയിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നിർവ്വഹണ ഉദ്യോഗസ്ഥൻ മുൻകൂറായി തുക നൽകിയിരിക്കുകയാണ്. ആയത് മേൽ രേഖപ്പെടുത്തിയ ഉത്തരവിന് വിരുദ്ധമാണ്. അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (11/09.01.2023) ലഭ്യമാക്കിയ മറുപടിയിൽ തുടർ വർഷങ്ങളിൽ ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ

ഒഴിവാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-19 അനുപൂരക പോഷകാഹാര പദ്ധതി-ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തി -

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിൽ അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റുകളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി/സഹകരണ സ്റ്റോറുകളിൽ നിന്നോ തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭക്ഷ്യ വസ്തുക്കൾ വാങ്ങുവാൻ പാടുള്ളുവെന്ന് സാമൂഹ്യ നീതി (ബി) വകുപ്പിന്റെ 06.08.2019 ലെ ബി1/493/2019/സാ.നീ.വ. നം. സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ സർക്കുലറിലെ നിർദ്ദേശത്തിന് വിരുദ്ധമായി അങ്കണവാടികളിലേയ്ക്കുള്ള ഭക്ഷ്യവസ്തുക്കൾ 2021-22 വർഷം തുടക്കത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടുണ്ടെങ്കിലും പിന്നീട്, പെരുമ്പള്ളി സർവ്വീസ് സഹകരണ ബാങ്കിന്റെ സെക്രട്ടറി സമർപ്പിച്ച കത്ത് പരിഗണിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ 17-09-21 ലെ 1(5)-ാംനമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നീതി സ്റ്റോർ, പെരുമ്പള്ളി, വലിയഴീക്കൽ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. മാവേലി സ്റ്റോറിലെയും നീതി സ്റ്റോറിലെയും ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം താരതമ്യം ചെയ്ത് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല , പെരുമ്പള്ളി നീതി സ്റ്റോറിൽ നിന്നും വാങ്ങിയ ഭക്ഷ്യ സാധനങ്ങൾക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുള്ള വിലയെക്കാൾ കുറവാണോയെന്നതും വ്യക്തമല്ല. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളിൽ ഇവ ലഭ്യമല്ലായെന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (4/06.01.2023) ലഭ്യമാക്കിയ മറുപടിയിൽ 2021 ജൂണിൽ ആണ് സർവ്വീസിൽ പ്രവേശിച്ചതെന്നും, പരിചയക്കുറവ് മൂലമുണ്ടായ അപാകതയാണിതെന്നും, ഇനിയുള്ള പദ്ധതി നിർവ്വഹണത്തിൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾ നിലനിൽക്കെ , ആയതിന് വിരുദ്ധമായി കമ്മിറ്റി തീരുമാനമെടുത്ത് പദ്ധതികൾ നടപ്പിലാക്കുന്നത് ശരിയായ പ്രവണതയല്ല. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20-1 തുടർ സാക്ഷരത -10-ാം തരം 11-ാംതരം ഗുണഭോക്താക്കളുടെ കോഴ്സ് പൂർത്തീകരണ രേഖകൾ ഇല്ല-

പ്രോജക്ട് നം S0006/22

പ്രോജക്ടിന്റെ പേര് - 10-ാം തരം, 11-ാം തരം തുല്യതാ പഠനം
അടങ്കൽ – 175000/- (വികസന ഫണ്ട് )
ചെലവ് വിവരം- 1) ബിൽ നം 02/21-22/27-03-22, 75400/-രൂപ
2)ബിൽ നം 03/21-22/27-03-22, 77500/-രൂപ

10-ാം തരം തുല്യതാ കോഴ്സിന്റെ രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ, പരീക്ഷാ ഫീസ് എന്നീയിനത്തിൽ ഒരു ഗുണഭോക്താവിന് 2600/- രൂപ നിരക്കിൽ 29 പേർക്കും, 11 -ാം തരം തുല്യതാ കോഴ്സിന്റെ രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ, പരീക്ഷാ ഫീസ് എന്നീയിനത്തിൽ ഒരു ഗുണഭോക്താവിന് 2500/- രൂപ നിരക്കിൽ 31 പേർക്കും ഉള്ള തുക അടച്ചിട്ടുണ്ട്. 19 പഠിതാക്കളുടെ ഫീയാണ് അടച്ചിട്ടുള്ളത്.
ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.
1. 10-ാം തരം തുല്യതാ കോഴ്സ്-
28 പേരുടെ അപേക്ഷ, 11 പേരുടെ അഡ്മിഷൻ ടിക്കറ്റ് എന്നിവ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ആനുകൂല്യം കൈപ്പറ്റിയ ഒരു പഠിതാവിന്റെ പോലും കോഴ്സ് പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
2. 11-ാം തരം തുല്യതാ കോഴ്സ്-
31 പേർക്ക് തുക ചെലവഴിച്ചതിൽ 28 പേരുടെ അപേക്ഷ, 7 പേരുടെ അഡ്മിഷൻ ടിക്കറ്റ് എന്നിവ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ആനുകൂല്യം കൈപ്പറ്റിയ ഒരു പഠിതാവിന്റെ പോലും കോഴ്സ് പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനും, രേഖകൾ ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/10.01.2023) ലഭ്യമാക്കിയ മറുപടിയിൽ കോഴ്സ് പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിനിയോഗ രേഖകളുടെ അഭാവത്തിൽ 152900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20-2 തുടർ സാക്ഷരത -12-ാം തരം തുല്യത പരീക്ഷ - ഗുണഭോക്താക്കളുടെ കോഴ്സ്പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല-

പ്രോജക്ട് നം S0007/22

പ്രോജക്ടിന്റെ പേര് - 12-ാം തരം തുല്യതാ പഠനം

ട്രഷറി ബിൽ നം 04/21-22/27-03-22 പ്രകാരം 41800/- രൂപ 12-ാം തരം തുല്യതാ കോഴ്സിന്റെ രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ, പരീക്ഷാ ഫീസ് എന്നീയിനത്തിൽ ഒരു ഗുണഭോക്താവിന് 2200/- രൂപ നിരക്കിൽ അടച്ചിട്ടുണ്ട്. 19 പഠിതാക്കളുടെ ഫീയാണ് അടച്ചിട്ടുള്ളത്. 19 ഗുണഭോക്താക്കളുടെയും അപേക്ഷ ഹാജരാക്കിയിട്ടില്ല. 8 ഗുണഭോക്താക്കളുടെ ഹാൾ ടിക്കറ്റിന്റെ പകർപ്പ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഫയലിനൊപ്പം സൂക്ഷിച്ചിട്ടുള്ള 19 ഗുണഭോക്താക്കളുടെ പേരു വിവരങ്ങൾ രേഖപ്പെടുത്തിയ ലിസ്റ്റിൽ ഉൾപ്പെട്ട ഒരാളുടെ പോലും ഹാൾ ടിക്കറ്റിന്റെ പകർപ്പല്ല ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ഗുണഭോക്താക്കൾ പരീക്ഷയെഴുതിയതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല. ഗുണഭോക്താക്കളുടെ കോഴ്സ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഹാൾ ടിക്കറ്റിന്റെ പകർപ്പ് പ്രകാരമുള്ള ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) സബിത.ടി.

2) ഷെജില.എ

3) രേഷ്മ.കെ

4) വിജിത.എസ്സ്

5) സൂര്യ സുവർണ്ണൻ

6) അശ്വതി.എസ്സ്

7) പ്രിയ.എസ്സ്.

8) നിഷാ റാണി.ഡി

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനും, രേഖകൾ ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 19 ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവ് മരണപ്പെട്ടുവെന്നും, ബാക്കിയുള്ള ഗുണഭോക്താക്കളെ സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ രേഖകളുടെ അഭാവത്തിൽ 41800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക മുൻകൂർ നൽകയിട്ടും മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

(എ) പ്രോജക്ട് നം.S001/22

കുടുംബ ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 1000000(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)

ചെലവ് - 1000000(ബിൽ നം.7/1811.2021)

മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നടപ്പാക്കിയ മേൽ പ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 10 ലക്ഷം രൂപ മുൻകൂർ നൽകിയിട്ടുണ്ട് (ഇൻവോയ്സ് നം.PRF 2924/25.10.2021). എന്നാൽ ഫയൽ പരിശോധിച്ചതിൽ 21 ഇൻവോയ്സുകൾ പ്രകാരം 820260/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി 179740/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

(ബി)പ്രോജക്ട് നം.S0152/22

തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രിക്ക് മരുന്ന് വാങ്ങി നൽകൽ (Spill Over)

അടങ്കൽ - 300000 (മെയ്ന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)

ചെലവ് - 300000 (ബിൽ നം.10/20.12.2021)

മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ PRF3544/24.11.2021 നമ്പർ ഇൻവേയ്സ് പ്രകാരം 3 ലക്ഷം രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 295886/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. ബാക്കി തുകയുടെ(4114/-) മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കേണ്ടതാണ്. എൻക്വയറി നം.6/06.01.2023. ലഭ്യമാകാത്ത മരുന്നിന്റെ ചെലവ് 183854/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ലൈഫ് ഭവനനിർമ്മാണം - അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിശോധിച്ചതിൽ അഡ്വാൻസ് കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ ഭവനനിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയില്ല എന്ന് വ്യക്തമാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു നൽകിയ തീയതി | ആകെ നൽകിയ തുക |
|---|---|---|
| ശ്രീദേവി, വാർഡ് -8 | 18.01.2019 | 40000/- |
| ശുഭ, വാർഡ് -10 | 08.01.2021 | 40000/- |
| ബിജി, വാർഡ്-11 | 23.11.2021 | 40000/- |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുന്നതിനും നിർമ്മാണം പൂർത്തീകരിക്കാത്തതിന് കാരണവും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/09.01.2023) ശ്രീമതി. ശ്രീദേവി ലിന്റൽ ലെവൽ വരെ നിർമ്മാണം പൂർത്തിയാക്കി എന്നും ശ്രീമതി. ശുഭ, ശ്രീമതി. ബിജി എന്നിവർ ഉടൻ നിർമ്മാണം ആരംഭിച്ചില്ലെങ്കിൽ തുക പലിശസഹിതം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

അഡ്വാൻസ് കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-23 കന്നുകുട്ടി പരിപാലനം - വിനിയോഗരേഖകളുടെ അഭാവത്തിൽ 625000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ - S0045/22 കന്നുകുട്ടി പരിപാലനം

അടങ്കൽ - 625000/- (വികസനഫണ്ട്)

-625000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)

-1250000 /- (ഗുണ.വിഹിതം)

ആകെ -2500000/-

ചെലവ് -625000/- ബിൽ നം - 3/21-22/09.02.2022

വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം പ്രോജക്റ്റിൽ 625000/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസി.ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തികരിച്ച് തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/06.01.2023) വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. അതുവരെ 625000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 SSK വിഹിതം- വിനിയോഗരേഖകളില്ല-1000000/-രൂപ തടസ്സപ്പെടുത്തുന്നു-

പ്രോജക്റ്റ് നം S0008/22

പ്രോജക്റ്റിന്റെ പേര് – SSK വിഹിതം നൽകൽ
അടങ്കൽ – 1000000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് വിവരം- 1) ബിൽ നം 52100570/22-11-21, 1000000/-രൂപ

SSK വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം 1000000/-രൂപ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/10.01.2023) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ രേഖകൾ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിനിയോഗ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു-നഷ്ടം-11116/- രൂപ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വാർഡ് 15ലെ FHC കെട്ടിടം മെയിന്റനൻസ് (പ്രൊ.നം.S0087/22) |
| അടങ്കൽ | 20 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |

| | |
|---|---|
| കരാറുകാരൻ | അനിൽ കുമാർ.പി |
| ക്വോട്ടുചെയ്ത നിരക്ക് | 1747451.00 (2% കുറവ്) |
| അളവു പുസ്തകം | 22/21-22, 23/21-22 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 1915843/- (12% GST ഉൾപ്പെടെ) |
| ചെലവ് വിവരം | ബിൽ നമ്പർ 22/21-22 Dt.24-03-22 രൂപ 1915843/- |

ഈ പ്രവർത്തിയുടെ അളവ് പുസ്തകം 22/21-22 പേജ് 15 ൽ ഇനം 13 ആയി കോമ്പൌണ്ട് വാൾ, പില്ലർ, മുൻവശം, സ്റ്റെപ്പുകൾ എന്നിവ 13.20 $M^3$ നിർമ്മിച്ചിട്ടുണ്ട്. ആയതിന് $M^3$ ന് 6469.56 രൂപ നിരക്കിൽ 84466/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ഈ പ്രവർത്തിക്ക് DSR 2016 സ്പെസിഫിക്കേഷൻ കോഡ് 50.6.1.6 പ്രകാരമുള്ള Solid Block Masonary Of Size 30x20x20 For Superstructure Above Floor Two Level Up To Floor Five Level Thickness 20cm And Above In Cm 1:6 എന്നതിനുള്ള 6601.60/$m^3$ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തത്. ഇതനുസരിച്ച് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കായ 6469.56/$m^3$ ആണ് മേൽ ഇനത്തിന് അനുവദിച്ചിരിക്കുന്നത്. ഈ ഇനം പ്രവർത്തിക്ക് ഭിത്തി നിർമ്മാണത്തിനുള്ള സോളിഡ് ബ്ലോക്ക് മേസനറി എന്ന ഇനം (ഇനം 16) സ്പെസിഫിക്കേഷൻ കോഡ് 50.6.1.5 പ്രകാരമുള്ള Solid Block Masonary Of Size 30x20x20 For Superstructure Up To Floor Two Level Thickness 20cm And Above In Cm 1:6 എന്നതിനുള്ള 5883.33/$m^3$ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്. ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ട നിരക്ക് | 5883.33/$m^3$ |
| അനുവദിക്കേണ്ട നിരക്ക് | 5765.66 [5833.33 – 117.66 (2% കുറവ്)} |
| അനുവദിച്ച തുക | 13.056 $M^3$ @6469.568/m3 = 84466/-രൂപ |
| അനുവദനീയമായ തുക | 13.056 $M^3$ @5765.66 = 75276/-രൂപ |
| അധികം നൽകിയത് | 9190/- (84466 – 75276)<br>(+) --1102 (GST 12%)<br>ആകെ -10292/- രൂപ |

കുഴിച്ചെടുത്ത മണ്ണ് വിനിയോഗിക്കാതെ ഫില്ലിംഗിന് മണ്ണ് വിലകൊടുത്തു വാങ്ങി-

ഈ പ്രവർത്തിയിൽ അളവുപുസ്തകം പേജ് 46 ൽ ഇനം 53 ആയി ആശുപത്രി കോമ്പൌണ്ടിലെ താഴ്ന്ന പ്രദേശങ്ങൾ ക്വാറി മക്ക് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. 2.061 $M^3$ ക്വാറി മക്ക് ഉപയോഗിച്ചതിന് $M^3$ ന് 875.816 രൂപ നിരക്കിൽ 1805.06 രൂപ മൂല്യം നിർണ്ണയിച്ച നൽകിയിട്ടുണ്ട്. ഇതേ പ്രവർത്തിയിൽ ഇനം 8 ആയി 10.805 $M^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. അളവു പുസ്തകം പേജ് 7 ൽ ഈ മണ്ണ് ആശുപത്രി കോമ്പൌണ്ടിലെ താഴ്ന്ന പ്രദേശങ്ങൾ ഫില്ല് ചെയ്യാൻ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിനായി ഉപയോഗിച്ചിരിക്കെ വീണ്ടും, 2.061 $M^3$ ക്വാറി മക്ക് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയത് മൂലം 824/- രൂപയുടെ അധിക ചെലവുണ്ടായി. (2.061 X400/- (മണ്ണിന്റെ വില) സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് നൽകിയത് സംബന്ധിച്ചും ഫില്ലിംഗ് പ്രവർത്തിക്ക് അധികം തുക ചെലവഴിച്ചത് സംബന്ധിച്ചും, മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (1/03.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം ചെലവഴിച്ച 11116/- (10292 +824) രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-26 WMM-അനുവദനീയമായ കനത്തിലും കൂടുതലായി നിർവ്വഹിച്ചു-അധിക ചെലവ് -353091/- രൂപ

ആറാട്ടുപുഴ ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം അസ്സി.എൻജിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള മേൽ രേഖപ്പെടുത്തിയിട്ടുള്ള റോഡു നിർമ്മാണ പ്രവർത്തിയിൽ നിലവിലുള്ള ബിറ്റുമിനസ് റോഡ് സ്കാരിഫൈ ചെയ്ത് റീ-ടാറിംഗ് നടത്തി അതിന് മുകളിൽ 0.15cm.കനത്തിൽ WMM ചെയ്തിട്ടുണ്ട്. LSGD ചീഫ് എൻജിനീയറുടെ 10-08-16 ലെ No.DB-3/6512/2013/CE/LSGD സർക്കുലർ പ്രകാരം 0.075mm കനത്തിൽ നിലവിൽ WBM ചെയ്തിട്ടുള്ള റോഡുകളിൽ WMM രണ്ടാമത്തെ ലയർ 0.75mm കനത്തിൽ നിർവ്വഹിച്ചാൽ മതിയാകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ

ആയതിന് വിരുദ്ധമായി, വീണ്ടും 0.15cm. കനത്തിൽ WMM ചെയ്തത് മൂലം അധിക ചെലവുണ്ടായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. കസ്തൂർബാ ജം. – മുട്ടേൽ പാലം റോഡ് പുനരുദ്ധാരണം-(എസ്സ്-0089/22)

കരാറുകാരൻ – ഷെരീഫ്
പിഎസി-829985/-
MB.No.-14/21-22
ചെലവ് വിവരം –1) Rs-464360/-25/21-22, Dt.27-03-22
2) Rs-457500/-26/21-22, Dt.27-03-22

ഈ പ്രവർത്തിയിൽ 245 മീറ്റർ നീളത്തിലും 3 വീതിയിലും നിലവിലുള്ള ബിറ്റുമിനസ് റോഡ് സ്കാരിഫൈ ചെയ്ത് റീ-ടാറിംഗ് നടത്തുക എന്നതായിരുന്നു ലക്ഷ്യമിട്ടിരുന്നത്. അളവു പുസ്തകം പേജ് -1 ഇനം 1 ആയി 735m$^2$ സ്കാരിഫൈയിംഗ് നടത്തിയിട്ടുണ്ട്. തുടർന്ന് പേജ്-2 ൽ ഇനം 3 ആയി WMM എന്ന പ്രവർത്തി എസ്റ്റിമേറ്റ് പ്രകാരമുള്ള 0.15cm.കനത്തിൽ ആകെ 110.14m$^3$ ചെയ്തിട്ടുണ്ട്. ലെവൽ ഫീൽഡ് ബുക്കിലെ രേഖപ്പെടുത്തലുകൾ അനുസരിച്ച് 110.14m$^3$ നിർവ്വഹിച്ചിട്ടുണ്ട്. (LF No.04/21-22) ലെവൽ ഷീറ്റിലെ രേഖപ്പെടുത്തൽ പ്രകാരവും, 0.15cm. കനമാണ് അനുവദിച്ചിട്ടുള്ളത്. ആയതിന് M$^3$ന് 3481.88/m$^3$ നിരക്കിൽ 383494/- രൂപ മൂല്യം നിർണ്ണയിച്ച നൽകിയിട്ടുണ്ട്. മേൽ രേഖപ്പെടുത്തിയ സർക്കുലർ പ്രകാരം 0.075mm കനത്തിൽ നിലവിൽ WBM ചെയ്തിട്ടുള്ള റോഡുകളിൽ WMM രണ്ടാമത്തെ ലയർ 0.75mm കനത്തിൽ നിർവ്വഹിച്ചാൽ മതിയാകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് ഈ പ്രവർത്തിക്ക് ആവശ്യമായ WMM ന്റെ അളവ് 55.07m$^3$ മാത്രമാണ്.(110.14m$^3$/2)

M$^3$ന് 3481.88/m$^3$ രൂപ നിരക്കിൽ 55.07m$^3$ ന് അനുവദനീയമായ നിരക്ക് = 55.07m$^3$ X 3481.88/m$^3$ = 191747/- രൂപ
അധികം നൽകിയത് = 383494 – 191747 = 191747/-രൂപ

2.കടവിൽ കടവ് – കായലിൽ റോഡ് പുനരുദ്ധാരണം-( എസ്സ്-0191/22 )

കരാറുകാരൻ – സരുൺ റാവു
പിഎസി-666644/-
MB.No.-26/21-22
ചെലവ് വിവരം –1) Rs-746641/-27/21-22, Dt.27-03-22

ഈ പ്രവർത്തിയിൽ 222 മീറ്റർ നീളത്തിലും 3 വീതിയിലും നിലവിലുള്ള ബിറ്റുമിനസ് റോഡ് സ്കാരിഫൈ ചെയ്ത് റീ-ടാറിംഗ് നടത്തുക എന്നതായിരുന്നു പദ്ധതി. അളവു പുസ്തകം പേജ് -1 ഇനം 1 ആയി 666m$^2$ സ്കാരിഫൈയിംഗ് നടത്തിയിട്ടുണ്ട്. തുടർന്ന് പേജ്-5 ൽ ഇനം 3 ആയി WMM എന്ന പ്രവർത്തി എസ്റ്റിമേറ്റ് പ്രകാരമുള്ള 0.15cm.കനത്തിൽ ആകെ 99.90 M$^3$ ചെയ്തിട്ടുണ്ട്. ലെവൽ ഫീൽഡ് ബുക്കിലെ രേഖപ്പെടുത്തലുകൾ അനുസരിച്ച് 99.90 M$^3$ നിർവ്വഹിച്ചിട്ടുണ്ട്. (LF No.08/21-22) ലെവൽ ഷീറ്റിലെ രേഖപ്പെടുത്തൽ പ്രകാരവും, 0.15cm. കനമാണ് അനുവദിച്ചിട്ടുള്ളത്. ആയതിന് M3ന് 3231.88/m$^3$ നിരക്കിൽ 322776/- രൂപ മൂല്യം നിർണ്ണയിച്ച നൽകിയിട്ടുണ്ട്. മേൽ രേഖപ്പെടുത്തിയ സർക്കുലർ പ്രകാരം 0.075mm കനത്തിൽ നിലവിൽ WBM ചെയ്തിട്ടുള്ള റോഡുകളിൽ WMM രണ്ടാമത്തെ ലയർ 0.75mm കനത്തിൽ നിർവ്വഹിച്ചാൽ മതിയാകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് ഈ പ്രവർത്തിക്ക് ആവശ്യമായ WMM ന്റെ അളവ് 49.95m$^3$ മാത്രമാണ്.(99.90 M$^3$/2)

M$^3$ന് 3231.88/m$^3$ രൂപ നിരക്കിൽ 49.95 M$^3$ ന് അനുവദനീയമായ നിരക്ക് = 49.95 M$^3$ X 3231.88/m$^3$ = 161432/- രൂപ
അധികം നൽകിയത് = 322776 – 161432 = 161344/-രൂപ

ഒട്ടാകെ അധികം നൽകിയത് = 191747 + 161344 = 353091/- രൂപ
മേൽ സൂചിപ്പിച്ച പ്രകാരം അധിക ചെലവിന് കാരണമാകുന്ന രീതിയിൽ പ്രവർത്തി നിർവ്വഹിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (2/04.01.2023, 3/04.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-27 മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല- കേന്ദ്ര സർക്കാരിന് നഷ്ടം -5119/-രൂപ

താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ

ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 1% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/വർക്ക് കോഡ്./കരാറുകാരൻ/ M-Book No. | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ആദായ നികുതി(1%) | FTO No./ തീയതി/തുക |
|---|---|---|---|---|
| 1. | വാർഡ്- 7-എസ്സ് എസ്സ് ഭവനം കിഴക്കോട്ട് റോഡ് നിർമ്മാണം/ RC-348030/ നടരാജൻ. 437/21-22 | Rs-354952 /- ( M Book Page No.22/ | 3549/- | 1)161288/dt. 26-08-22/Rs-350752/- |
| 2. | വാർഡ്- 18- പത്തിശ്ശേരി മില്ലിന് സമീപം ഓടനിർമ്മാണം/ RC-347641 /മുഹമ്മദ് സാലിഹ്. 462/21-22,85/22-23 | 157055/- | 1570/- | 1)161231/ 26-06-22/Rs-157055/- |
| | | ആകെ | 5119/- | |

ആദായനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, അല്ലാത്തപക്ഷം മറുപടിയും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/11.01.2023)ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രവർത്തിയിൽ പ്രൊക്യൂർമെന്റ് മാത്രമാണ് നടത്തിയിട്ടുള്ളതെന്നും, പർച്ചേസുകൾക്ക് IT, TDS പിടിക്കേണ്ടതില്ലായെന്നതിനാലാണ് ആദായ നികുതി ഈടാക്കാതിരുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ളത് 30000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തികൾക്ക് 1% ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്യണമെന്നാണ്. മെറ്റീരിയൽ സപ്ലൈ എന്നത് ഒരു കരാർ പ്രവർത്തിയാണ്. ആയതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ആദായ നികുതി ഇനത്തിൽ ഈടാക്കാതിരുന്ന 5119/-രൂപ കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-28 MGNREGS- കോൺക്രീറ്റിംഗ് പ്രവർത്തികൾ- സിമന്റിന് മാർക്കറ്റ് നിരക്കിനെക്കാൾ വളരെ ഉയർന്ന നിരക്ക് നൽകുന്നു- ഭീമമായ അധിക ചെലവ്-

2021-22 വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ള സിമന്റ് ഉപയോഗിച്ചുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവർത്തികൾക്ക് സെക്യൂർ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ പോർട്ട് ലാന്റ് സിമന്റിന് ഒരു ടണ്ണിന് 12288/- രൂപയാണ് (50 കിലോഗ്രാമിന്റെ ഒരു ചാക്കിന് 614.40 രൂപ) അനുവദിച്ചു നൽകിയിട്ടുള്ളത്. സിമന്റ് വില ഏറ്റവും കൂടുതൽ വന്നപ്പോഴും, പരമാവധി മാർക്കറ്റ് വില ഒരു ചാക്കിന് 400-425/- രൂപ മാത്രമായിരുന്നു. ഇപ്രകാരം സിമന്റിന് ഉയർന്ന നിരക്കിൽ വില അനുവദിച്ച് നൽകിയത് മൂലം അധിക ചെലവുണ്ടായ ചില പ്രവർത്തികളുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ വർക്ക് കോഡ്/ /കരാറുകാരൻ/ എം. ബുക്ക് നമ്പർ | FTO No. | 1:4:8 കോൺക്രീറ്റിംഗിനും, 1:2:4 കോൺക്രീറ്റിംഗിനും ഉപയോഗിച്ച സിമന്റിന്റെ അളവും, ആകെ പ്രവർത്തിയുടെ അളവും. | ഒരു ചാക്കിന് 614.40 രൂപ നിരക്കിൽ നൽകിയ തുക | ഒരു ചാക്കിന് 450 രൂപ നിരക്കിൽ നൽകിയാൽ പോലും അനുവദനീയമായ തുക | അധികം നൽകിയത് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1. | വാർഡ്- 7-എസ്സ് എസ്സ് ഭവനം കിഴക്കോട്ട് റോഡ് നിർമ്മാണം/ RC-348030/ നടരാജൻ. 437/21-22 | 1)161288/ 26-08-22/Rs-350752/-. | 4547kg+3964kg (171 ചാക്ക്) 26.75m$^3$ 12.95m$^3$ | Rs-105062/- | 76950/- | Rs-28112/- |
| 2. | വാർഡ്- 18- പത്തിശ്ശേരി മില്ലിന് സമീപം ഓടനിർമ്മാണം/ RC-347641/മുഹമ്മദ് സാലിഹ്. 462/21-22,85 /22-23 | 1)161231/ 26-06-22/Rs-157055/-. | 4877 Kg (Limited To 1.92 Tonne) (39 ചാക്ക്) (ഓട നിർമ്മാണ പ്രവർത്തിയായ തിനാൽ വിവിധ അനുപാതത്തിലുള്ള കോൺക്രീറ്റിംഗ് ആണ് നടത്തിയത്) | Rs-23962/- | Rs-17550/- | Rs-6412/- |
| | | | ആകെ | | | 34524/- |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ് മാന്റെ 08-07-22 ലെ OMB/ALP /AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കുവാനും 2021-22 വർഷം എത്ര പ്രവർത്തികൾക്ക് ഇപ്രകാരം തുക നൽകി, ഇനി എത്ര പ്രവർത്തികൾക്ക് നൽകാനുണ്ട് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (7/06.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-29 കയർഭൂവസ്ത്രം വിരിക്കൽ- ചെയ്ത അളവിനെക്കാൾ അധികം തൊഴിൽ ദിനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു -

കയർഭൂവസ്ത്രം വാങ്ങിയ അളവിനെക്കാൾ വളരെ കൂടിയ അളവിൽ, പ്രവർത്തി ചെയ്തതായി കാണിച്ച് കൂലിയിനത്തിൽ അധികം തുക ചെലവഴിച്ചു-

തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം നടപ്പിലാക്കി, 2021-22 വർഷം പണം ചെലവഴിച്ച, തോടുകൾക്ക് കയർഭൂവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിനെക്കാൾ വളരെ കൂടിയ അളവിൽ പ്രവർത്തി ചെയ്തതായി കാണിച്ച് കൂലിയിനത്തിൽ അധികം തുക ചെലവഴിച്ചതായി കണ്ടു.

കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ)തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭൂവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 1.05ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭൂവസ്ത്രം 2.5 മീറ്റർ വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05വീതം അധികമായി ഭൂവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയതിനേക്കാൾ വളരെ കൂടിയ അളവിൽ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകളുടെ അളവു പുസ്തകത്തിൽ രേഖപ്പെടുത്തലുള്ളത്. ഇപ്രകാരം കയർ ഭൂവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം. നം.80.8.63ൽ, ച.മീറ്ററിന് 71.586 രൂപ നിരക്കിൽ) നല്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1.16-ാം വാർഡിൽ കോക്കാടം പറമ്പിൽ തോടിന് ആഴം കൂട്ടി കയർഭൂവസ്ത്രം വിരിക്കൽ-

വർക്ക് കോഡ്- FP-369039

M-book No.- 611/20-21

FTO- No.-272324/02-08-21, 95550/-

| | |
|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അളവ് | 1300$m^2$ |
| കയർഭൂവസ്ത്രം വാങ്ങിയതായി അളവുപുസ്തകം പേജ് 12 ൽ രേഖപ്പെടുത്തിയിട്ടുള്ളത് | 1300$m^2$ |
| പേജ് 13ൽ കയർഭൂവസ്ത്രം മുറിച്ച് വിരിച്ചതിന് കൂലിയായി<br>രേഖപ്പെടുത്തിയ തുക | 129897.74രൂപ |
| കയർഭൂവസ്ത്രം വിരിച്ചതിന് നൽകിയ കൂലിയുടെ അടിസ്ഥാനത്തിൽ ചെയ്യാവുന്ന പ്രവർത്തിയുടെ അളവ് | 129897/71.586/$m^3$<br>= 1814$m^2$ |
| ബിൽ പ്രകാരം കയർഭൂവസ്ത്രം വാങ്ങിയ അളവും വിരിക്കാവുന്ന അളവും(1.05/$m^2$) | 1300$m^2$, 1238$m^2$<br>(1300/1.05) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | 1238$m^2$ (1300/1.05) X<br>71.58/$m^2$ = 88623/- രൂപ |
| അധികം നൽകിയത്. | 129897 – 88623<br>= 41274/-രൂപ |

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (23/11.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പ്രവർത്തിയിൽ മേൽ രേഖപ്പെടുത്തിയ പ്രകാരം അധികം നൽകിയ തുകയെക്കാൾ കുറഞ്ഞ തുക മാത്രമെ ചെലവഴിച്ചിട്ടുള്ളുവെങ്കിലും കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവർത്തിയിൽ ചെയ്ത പ്രവർത്തിയുടെ അളവ് പരിഗണിക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിന് കൂലി നൽകിയതായി രേഖപ്പെടുത്തിയിരിക്കുകയാണ്. ഓരോ ഇനം പ്രവർത്തിയിലും എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിൽ ലിമിറ്റ് ചെയ്ത് അളവ് രേഖപ്പെടുത്തേണ്ടതാണ്.

## 1-30 MGNREGS- രേഖകൾ എഴുതി സൂക്ഷിച്ചിരിക്കുന്നതിലെ അപാകതകൾ-

2021-22 വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിച്ച വിവിധ പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ, നിർവ്വഹണ രേഖകൾ സുതാര്യമായ രീതിയിലല്ല എഴുതി സൂക്ഷിച്ചിട്ടുള്ളതെന്ന് കണ്ടു.ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങളുടെ വിവരം, ആകെ അളവ്, പ്രസ്തുത ഇനം പ്രവർത്തിയുടെ ആകെ മൂല്യം എന്നിവ ഇനം തിരിച്ച് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.
2. അളവുപുസ്തകത്തിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ്, നിരക്ക് എന്നിവ രേഖപ്പെടുത്തുന്നില്ല.
3. മെമ്മോറാണ്ടം ഓഫ് പെമെന്റ് രേഖപ്പെടുത്തുന്നില്ല. കരാർ പ്രവർത്തികളിൽ നിയമാനുസൃത കിഴിവുകളും, അതിനു ശേഷം നൽകേണ്ട അറ്റ തുകയുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.
4. ഓരോ ഇനം പ്രവർത്തിയുടെയും അളവ് രേഖപ്പെടുത്തുന്ന തീയതി അളവു പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല.
5. ഓരോ പ്രവർത്തിയിലും ഡിസ് പ്ലെ ബോർഡ് സ്ഥാപിച്ചതിന് കരാറുകാരന് തുക നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ ഫോട്ടോകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
6. പല പ്രവർത്തികളിലും ആകെ ചെലവ് എസ്റ്റിമേറ്റ് തുകയിലും വളരെ കുറവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ചില ഇനം പ്രവർത്തികളിൽ ചെയ്ത ഇനം പ്രവർത്തിയുടെ മൂല്യം പരിഗണിക്കാതെ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിന് തൊഴിലാളികൾക്ക് കൂലി നൽകിയിട്ടുണ്ട്.

ഉദാ. 1.പതിനാറാം വാർഡിൽ കോക്കാടം പറമ്പിൽ തോട് കയർ ഭൂവസ്ത്രം വിരിക്കൽ.
2. പതിനാലാം വാർഡിൽ പോളയതോടിന്റെ മാടി കയർ ഭൂവസ്ത്രം വിരിക്കൽ.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (24/11.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് നിർവ്വഹണ രേഖകൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-31 ആദായ നികുതി ഈടാക്കിയിട്ടില്ല -

ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് കക്ഷിയായി ഉള്ള കേസുകൾക്കായി ഹാജരായ അഡ്വ.ശിവൻകുഞ്ഞിന് 2021-2022 വർഷം ഫീസ് ഇനത്തിൽ 67500/-രൂപ നൽകിയിട്ടുണ്ട്.

| വൗച്ചർ നം./തീയതി | തുക |
|---|---|
| 22100567 | 67500 |

1961 ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 J പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ 30,000/- രൂപയിൽ അധികം പ്രഫഷണൽ സേവനങ്ങൾക്കുള്ള ഫീസ് നല്കുമ്പോൾ 10% തുക ടി.ഡി.എസ് അതിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ അഡ്വ.ശിവൻകുഞ്ഞിന് മേൽ പ്രകാരം വക്കീൽ ഫീസ് അനുവദിച്ചതിൽ നിന്നും നിയമാനുസൃതമുള്ള ആദായ നികുതി ഈടാക്കിയിട്ടില്ല.

ടി.ഡി.എസ്. ഇനത്തിൽ സർക്കാരിനു നഷ്ടമായ 6750/- രൂപ അഡ്വ.ശിവൻകുഞ്ഞിൽ നിന്നും ഈടാക്കി ട്രഷറിയിൽ അടച്ച് ചെലാൻ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ടമായ തുക സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്.

## 1-32 കുടിവെള്ളവിതരണം നടത്തിയതിന് നൽകിയ തുകയിൽനിന്ന് ആദായ നികുതി കുറവ് ചെയ്തില്ല

ഗ്രാമ പഞ്ചായത്തിൽ ടാങ്കറിൽ കുടിവെള്ളവിതരണം നടത്തിയതിന് ഷാഹുൽ ഹമീദ് എന്ന വ്യക്തിക്ക് താഴെപ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്. ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194(സി) പ്രകാരം ഒറ്റ തവണ ഒരു കോൺട്രാക്ടർക്ക് 30000/- രൂപയിൽ അധികം നല്കുമ്പോഴോ ഒരു സാമ്പത്തിക വർഷം നല്കുന്ന മൊത്ത തുക 1,00,000/-രൂപ കവിയുമ്പോഴോ അയാളിൽ നിന്നും 1% ആദായ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത കരാറുകാരന് നല്കിയ തുകയിൽ നിന്നും ആദായ നികുതി കുറവ് ചെയ്തിട്ടില്ല.

| പ്രോജക്ട് നം. | നൽകിയ തുക/ബിൽനം./ തീയതി | ഈടാക്കേണ്ട ആദായനികുതി | കരാറുകാരൻ |
|---|---|---|---|
| 186/22- കുടിവെള്ളവിതരണം- അധിക തുക വകയിരുത്തൽ | 447559/-(54 /28.01.2022) | 4476 | ഷാഹുൽ ഹമീദ് |
| | 1000226/-(71 /30.03.2022) | 10002 | |
| | Total-1447785 | | |
| 118/22 ടാങ്കറിൽ കുടിവെള്ളവിതരണം | 27360/-(98 /28.10.2021) | 274 | ഷാഹുൽ ഹമീദ് |
| | 272640/-(114 /17.11.2020) | 2726 | |
| | Total-300000 | | |
| ആകെ | | 17478 | |

മേൽ തുകകൾ നല്കിയപ്പോൾ ആദായ നികുതി കുറവ് ചെയ്തില്ല. കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞു നൽകിയ എൻക്വയറിക്ക് (15/10.01.2023) മറുപടി ലഭ്യമാക്കിയില്ല. 17478/-രൂപ കരാറുകാരനിൽനിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-33 സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി-

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്ന് കണ്ടു. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്തിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായികാണുന്നു. ഇതുമൂലം സഹകരണ ബാങ്കുകളിലെ അക്കൌണ്ടിലേക്ക് തുക നൽകികൊണ്ടിരിക്കുന്നു.

മരണശേഷവും സഹകരണ ബാങ്കുകളിലേക്ക് (ഡയറക്ട് ടു ഹോം) പെൻഷൻ വിതരണം നടത്തുന്നതിന് തുക

നൽകിയതിന് ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പേര് /വിലാസം | മരിച്ച തീയതി/ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം/ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | രതീഷൻ | 24.05.2021/ 25.06.2021 | വാർദ്ധക്യകാല പെൻഷൻ 597776747467 | 05/2021- 6/2022വരെ 22400/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 2 | സുശീല | 27.05.2021/ 25.06.2021 | വാർദ്ധക്യകാല പെൻഷൻ 590780087736 | 05/2021- 6/2022വരെ 22400/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 3 | രമണൻ | 21.06.2021/ 06.07.2021 | വാർദ്ധക്യകാല പെൻഷൻ 608333425831 | 06/2021- 6/2022വരെ 20800/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 4 | ഭാരതി | 28.06.2021/ 09.07.2021 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ അമ്മമാർക്കുള്ള പെൻഷൻ 522890017225 | 06/2021- 6/2022വരെ 20800/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 5 | സുകുമാരൻ | 26.06.2021/ 23.07.2021 | വികലാംഗ പെൻഷൻ 721478843104 | 06/2021- 6/2022വരെ 20800/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 6 | കുഞ്ചു പണിക്കർ | 01.07.2021 26.07.2021 | വാർദ്ധക്യകാല പെൻഷൻ 536383317657 | 06/2021- 6/2022വരെ 20800/ | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 7 | അസിക്കുട്ടി | 09.07.2021 26.07.2021 | വാർദ്ധക്യകാല പെൻഷൻ 785160346036 | 07/2021 6/2022വരെ 7200/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 8 | ഓമന | 19.07.2021 26.07.2021 | വാർദ്ധക്യകാല പെൻഷൻ 491321854919 | 07/2021 6/2022വരെ 19200/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 9 | കാർത്ത്യായനി | 16.02.2021 30.07.2021 | കർഷക തൊഴിലാളി പെൻഷൻ 629413214330 | 02/2021 6/2022വരെ 27200/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 10 | സരസൻ | 26.07.2021 10.08.2021 | വാർദ്ധക്യകാല പെൻഷൻ 240268254153 | 07/2021 6/2022വരെ 19200/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |

ബാങ്കുകളുടെ അക്കൌണ്ടിൽ ഇപ്രകാരം വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള ആകെ തുക തിട്ടപ്പെടുത്തി, കണക്ക് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകേണ്ടതും ഡിബിറ്റി സെല്ലിലേക്ക് തുക തിരികെ ഒടുക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതുമാണ്. നേരിട്ട് പെൻഷൻ വിതരണം ചെയ്യുന്ന സംഗതികളിൽ ഏതൊക്കെ സഹകരണ ബാങ്കുകൾ വഴിയാണ് പെൻഷൻ വിതരണം നടത്തുന്നതെന്നും, ഇപ്രകാരം വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ ബാങ്കുകൾ എല്ലാ മാസവും മരണപ്പെട്ട ഗുണഭോക്താക്കളുടെ റിപ്പോർട്ട് ലഭ്യമാക്കുന്നുണ്ടോയെന്ന വിവരവും അറിയിക്കേണ്ടതാണ്.

### 1-34 കോവിഡ് പ്രതിരോധ പ്രവർത്തനം- ഡി സി സി പ്രവർത്തന ചെലവ്-അവശേഷിക്കുന്ന തുക തിരികെ സർക്കാരിലേക്ക് നൽകിയിട്ടില്ല

പ്രോജക്ട് നം.123/22

കോവിഡ് പ്രതിരോധ പ്രവർത്തനം- ഡി സി സി പ്രവർത്തന ചെലവ്

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ -1000000/-

ചെലവ് - 1000000/-(ബിൽ നം.5/15.06.2021)

ഗ്രാമ പഞ്ചായത്തിലെ ഡൊമിസിലിയറി കെയർ സെന്ററിന്റെ പ്രവർത്തന ചെലവുകൾക്ക് 1000000/-രൂപ ജില്ലാകളക്ടറുടെ ദുരന്തനിവാരണ ഫണ്ടിൽ നിന്ന് ലഭിച്ചിരുന്നു. ഈ തുക ഡി സി സി മാനേജ്മെന്റ് കമ്മറ്റിയുടെ അക്കൗണ്ടിലേക്ക് (അക്കൌണ്ട് നം.04332201000241) 15.06.2021 ൽ നൽകിയിട്ടുണ്ട്. ടി തുകയിൽ 646571/-രൂപ ചെലവഴിച്ചതിനു ശേഷം 353429/-രൂപ പ്രസ്തുത അക്കൌണ്ടിൽ അവശേഷിക്കുന്നു. ഡൊമിസിലിയറി കെയർ സെന്ററുകളുടെ പ്രവർത്തനം അവസാനിപ്പിച്ചതിനാൽ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി - അർദ്ധവർഷവരുമാനത്തിനനുസൃതമായി തുക ഈടാക്കിയില്ല- 300/-രൂപയുടെ നഷ്ടം

| സ്ഥാപനം | ജീവനക്കാരന്റെ /ജീവനക്കാരിയുടെ പേര് | അർദ്ധ വർഷം | തസ്തിക | ആകെ അർദ്ധ വാർഷിക വരുമാനം | ചുമത്തേണ്ട തൊഴിൽ നികുതി | ചുമത്തിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| കൃഷി ഭവൻ, ആറാട്ടുപുഴ | ഷീജ എസ് | 1 | പി.റ്റി.എസ് | 81534 | 750 | 600 | 150 |
| ” | ” | 2 | ” | 80676 | 705 | 600 | 150 |
| ആകെ | | | | | | | 300 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/10.01.2023) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ, കുറവ് വന്ന തുക(300/-രൂപ) തിരികെ ഈടാക്കി സാക്ഷ്യപ്പെടുത്തിയ രസീത് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു-നഷ്ടം-11116/- രൂപ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വാർഡ് 15ലെ FHC കെട്ടിടം മെയിന്റനൻസ് (പ്രൊ.നം.S0087/22) |
| അടങ്കൽ | 20 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അനിൽ കുമാർ.പി |
| ക്വോട്ടുചെയ്ത നിരക്ക് | 1747451.00 (2% കുറവ്) |
| അളവ് പുസ്തകം | 22/21-22, 23/21-22 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 1915843/- (12% GST ഉൾപ്പെടെ) |

| | |
|---|---|
| ചെലവ് വിവരം | ബിൽ നമ്പർ 22/21-22 Dt.24-03-22 രൂപ 1915843/- |

ഈ പ്രവർത്തിയുടെ അളവ് പുസ്തകം 22/21-22 പേജ് 15 ൽ ഇനം 13 ആയി കോമ്പൌണ്ട് വാൾ, പില്ലർ, മുൻവശം, സ്റ്റെപ്പുകൾ എന്നിവ 13.20 $M^3$ നിർമ്മിച്ചിട്ടുണ്ട്. ആയതിന് $M^3$ന് 6469.56 രൂപ നിരക്കിൽ 84466/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ഈ പ്രവർത്തിക്ക് DSR 2016 സ്പെസിഫിക്കേഷൻ കോഡ് 50.6.1.6 പ്രകാരമുള്ള Solid Block Masonary Of Size 30x20x20 For Superstructure Above Floor Two Level Up To Floor Five Level Thickness 20cm And Above In Cm 1:6 എന്നതിനുള്ള 6601.60/$m^3$ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തത്. ഇതനുസരിച്ച് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കായ 6469.56/$m^3$ ആണ് മേൽ ഇനത്തിന് അനുവദിച്ചിരിക്കുന്നത്. ഈ ഇനം പ്രവർത്തിക്ക് ഭിത്തി നിർമ്മാണത്തിനുള്ള സോളിഡ് ബ്ലോക്ക് മേസനറി എന്ന ഇനം (ഇനം 16) സ്പെസിഫിക്കേഷൻ കോഡ് 50.6.1.5 പ്രകാരമുള്ള Solid Block Masonary Of Size 30x20x20 For Superstructure Up To Floor Two Level Thickness 20cm And Above In Cm 1:6 എന്നതിനുള്ള 5883.33/$m^3$ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്. ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ട നിരക്ക് | 5883.33/$m^3$ |
| അനുവദിക്കേണ്ട നിരക്ക് | 5765.66 [5833.33 – 117.66 (2% കുറവ്)} |
| അനുവദിച്ച തുക | 13.056 $M^3$ @6469.568/$m^3$ = 84466/-രൂപ |
| അനുവദനീയമായ തുക | 13.056 $M^3$ @5765.66 = 75276/-രൂപ |
| അധികം നൽകിയത് | 9190/- (84466 – 75276)<br>(+) --1102 (GST 12%)<br>ആകെ -10292/- രൂപ |

കുഴിച്ചെടുത്ത മണ്ണ് വിനിയോഗിക്കാതെ ഫില്ലിംഗിന് മണ്ണ് വിലകൊടുത്തു വാങ്ങി-

ഈ പ്രവർത്തിയിൽ അളവുപുസ്തകം പേജ് 46 ൽ ഇനം 53 ആയി ആശുപത്രി കോമ്പൌണ്ടിലെ താഴ്ന്ന പ്രദേശങ്ങൾ ക്വാറി മക്ക് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. 2.061 $M^3$ ക്വാറി മക്ക് ഉപയോഗിച്ചതിന് $M^3$ ന് 875.816 രൂപ നിരക്കിൽ 1805.06 രൂപ മൂല്യം നിർണ്ണയിച്ച നൽകിയിട്ടുണ്ട്. ഇതേ പ്രവർത്തിയിൽ ഇനം 8 ആയി 10.805 $M^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. അളവു പുസ്തകം പേജ് 7 ൽ ഈ മണ്ണ് ആശുപത്രി കോമ്പൌണ്ടിലെ താഴ്ന്ന പ്രദേശങ്ങൾ ഫില്ല് ചെയ്യാൻ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിനായി ഉപയോഗിച്ചിരിക്കെ വീണ്ടും, 2.061 $M^3$ ക്വാറി മക്ക് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയത് മൂലം 824/- രൂപയുടെ അധിക ചെലവുണ്ടായി. (2.061 X400/-(മണ്ണിന്റെ വില) സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് നൽകിയത് സംബന്ധിച്ചും ഫില്ലിംഗ് പ്രവർത്തിക്ക് അധികം തുക ചെലവഴിച്ചത് സംബന്ധിച്ചും, മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (1/03.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം ചെലവഴിച്ച 11116/- (10292+824) രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 WMM-അനുവദനീയമായ കനത്തിലും കൂടുതലായി നിർവ്വഹിച്ചു-അധിക ചെലവ് -353091/- രൂപ

ആറാട്ടുപുഴ ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം അസ്സി.എൻജിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള മേൽ രേഖപ്പെടുത്തിയിട്ടുള്ള റോഡു നിർമ്മാണ പ്രവർത്തിയിൽ നിലവിലുള്ള ബിറ്റുമിനസ് റോഡ് സ്കാരിഫൈ ചെയ്ത് റീ-ടാറിംഗ് നടത്തി അതിന് മുകളിൽ 0.15cm. കനത്തിൽ WMM ചെയ്തിട്ടുണ്ട്. LSGD ചീഫ് എൻജിനീയറുടെ 10-08-16 ലെ No.DB-3/6512/2013/CE/LSGD സർക്കുലർ പ്രകാരം 0.075mm കനത്തിൽ നിലവിൽ WBM ചെയ്തിട്ടുള്ള റോഡുകളിൽ WMM രണ്ടാമത്തെ ലയർ 0.75mm കനത്തിൽ നിർവ്വഹിച്ചാൽ മതിയാകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയതിന് വിരുദ്ധമായി, വീണ്ടും 0.15cm. കനത്തിൽ WMM ചെയ്തത് മൂലം അധിക ചെലവുണ്ടായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. കസ്തൂർബാ ജം. – മുട്ടേൽ പാലം റോഡ് പുനരുദ്ധാരണം-(എസ്സ്-0089/22)

കരാറുകാരൻ – ഷെരീഫ്

പിഎസി-829985/-
MB.No.-14/21-22
ചെലവ് വിവരം –1) Rs-464360/-25/21-22, Dt.27-03-22
2) Rs-457500/-26/21-22, Dt.27-03-22

ഈ പ്രവർത്തിയിൽ 245 മീറ്റർ നീളത്തിലും 3 വീതിയിലും നിലവിലുള്ള ബിറ്റുമിനസ് റോഡ് സ്കാരിഫൈ ചെയ്ത് റീ-ടാറിംഗ് നടത്തുക എന്നതായിരുന്ന ലക്ഷ്യമിട്ടിരുന്നത്. അളവു പുസ്തകം പേജ് -1 ഇനം 1 ആയി 735$m^2$ സ്കാരിഫൈയിംഗ് നടത്തിയിട്ടുണ്ട്. തുടർന്ന് പേജ്-2 ൽ ഇനം 3 ആയി WMM എന്ന പ്രവർത്തി എസ്റ്റിമേറ്റ് പ്രകാരമുള്ള 0.15cm. കനത്തിൽ ആകെ 110.14$m^3$ ചെയ്തിട്ടുണ്ട്. ലെവൽ ഫീൽഡ് ബുക്കിലെ രേഖപ്പെടുത്തലുകൾ അനുസരിച്ച് 110.14$m^3$ നിർവ്വഹിച്ചിട്ടുണ്ട്. (LF No.04/21-22) ലെവൽ ഷീറ്റിലെ രേഖപ്പെടുത്തൽ പ്രകാരവും, 0.15cm. കനമാണ് അനുവദിച്ചിട്ടുള്ളത്. ആയതിന് $M^3$ന് 3481.88/$m^3$ നിരക്കിൽ 383494/- രൂപ മൂല്യം നിർണ്ണയിച്ച നൽകിയിട്ടുണ്ട്. മേൽ രേഖപ്പെടുത്തിയ സർക്കുലർ പ്രകാരം 0.075mm കനത്തിൽ നിലവിൽ WBM ചെയ്തിട്ടുള്ള റോഡുകളിൽ WMM രണ്ടാമത്തെ ലയർ 0.75mm കനത്തിൽ നിർവ്വഹിച്ചാൽ മതിയാകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് ഈ പ്രവർത്തിക്ക് ആവശ്യമായ WMM ന്റെ അളവ് 55.07$m^3$ മാത്രമാണ്. (110.14$m^3$/2)

$M^3$ന് 3481.88/$m^3$ രൂപ നിരക്കിൽ 55.07$m^3$ ന് അനുവദനീയമായ നിരക്ക് = 55.07$m^3$ X 3481.88/$m^3$ = 191747/- രൂപ
അധികം നൽകിയത് = 383494 – 191747 = 191747/-രൂപ

2.കടവിൽ കടവ് – കായലിൽ റോഡ് പുനരുദ്ധാരണം-(എസ്സ്-0191/22)

കരാറുകാരൻ – സരുൺ റാവു
പിഎസി-666644/-
MB.No.-26/21-22
ചെലവ് വിവരം –1) Rs-746641/-27/21-22, Dt.27-03-22

ഈ പ്രവർത്തിയിൽ 222 മീറ്റർ നീളത്തിലും 3 വീതിയിലും നിലവിലുള്ള ബിറ്റുമിനസ് റോഡ് സ്കാരിഫൈ ചെയ്ത് റീ-ടാറിംഗ് നടത്തുക എന്നതായിരുന്ന പദ്ധതി. അളവു പുസ്തകം പേജ് -1 ഇനം 1 ആയി 666$m^2$ സ്കാരിഫൈയിംഗ് നടത്തിയിട്ടുണ്ട്. തുടർന്ന് പേജ്-5 ൽ ഇനം 3 ആയി WMM എന്ന പ്രവർത്തി എസ്റ്റിമേറ്റ് പ്രകാരമുള്ള 0.15cm. കനത്തിൽ ആകെ 99.90 $M^3$ ചെയ്തിട്ടുണ്ട്. ലെവൽ ഫീൽഡ് ബുക്കിലെ രേഖപ്പെടുത്തലുകൾ അനുസരിച്ച് 99.90 $M^3$ നിർവ്വഹിച്ചിട്ടുണ്ട്. (LF No.08/21-22) ലെവൽ ഷീറ്റിലെ രേഖപ്പെടുത്തൽ പ്രകാരവും, 0.15cm. കനമാണ് അനുവദിച്ചിട്ടുള്ളത്. ആയതിന് $M^3$ന് 3231.88/m3 നിരക്കിൽ 322776/- രൂപ മൂല്യം നിർണ്ണയിച്ച നൽകിയിട്ടുണ്ട്. മേൽ രേഖപ്പെടുത്തിയ സർക്കുലർ പ്രകാരം 0.075mm കനത്തിൽ നിലവിൽ WBM ചെയ്തിട്ടുള്ള റോഡുകളിൽ WMM രണ്ടാമത്തെ ലയർ 0.75mm കനത്തിൽ നിർവ്വഹിച്ചാൽ മതിയാകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് ഈ പ്രവർത്തിക്ക് ആവശ്യമായ WMM ന്റെ അളവ് 49.95$m^3$ മാത്രമാണ്.(99.90 $M^3$/2)

$M^3$ന് 3231.88/$m^3$ രൂപ നിരക്കിൽ 49.95 $M^3$ ന് അനുവദനീയമായ നിരക്ക് = 49.95 $M^3$ X 3231.88 /$M^3$ = 161432/- രൂപ
അധികം നൽകിയത് = 322776 – 161432 = 161344/-രൂപ

ഒട്ടാകെ അധികം നൽകിയത് = 191747 + 161344 = 353091/- രൂപ
മേൽ സൂചിപ്പിച്ച പ്രകാരം അധിക ചെലവിന് കാരണമാകുന്ന രീതിയിൽ പ്രവർത്തി നിർവ്വഹിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (2/04.01.2023, 3/04.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-3 പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ" തരത്തിലല്ല-നഷ്ടം-17592/-

ദർഘാസ് പരസ്യങ്ങൾ “വിൻഡോ മാതൃകയിൽ,” രണ്ട് കോളം (8cm) X (3cm) = 24 $Cm^2$ വലുപ്പത്തിലുള്ളതായിരിക്കണമെന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും (സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷം പദ്ധതി രൂപീകരണം നിർവ്വഹണം മോണിട്ടറിംഗ് എന്ന പ്രോജക്ടിൽപ്പെടുത്തി (പ്രോജക്ട് നം.S0010/22) താഴെപ്പറയുന്ന ദിനപ്പത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ ബിൽ പരിശോധിച്ചതിൽ അവ നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ഇത് പരസ്യചെലവ് കൂടുന്നതിനിടയാക്കി. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം | ബിൽ നം/ തീയതി/തുക | ഇൻവോയിസ് നം./ തീയതി ദിനപത്രം | നല്കിയ പരസ്യത്തിന്റെ വലുപ്പം/ നിരക്ക് | ചെലവ് | അനുവദനീയമായ വലുപ്പം/ ചെലവ് | അധികം ചെലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | 47/03.09.2021 7854 | 321000019652/ 25.06.2021 മാതൃഭൂമി | 4×8=32cm$^2$ 275/cm$^2$ | 8800 - Discount15% (1320) +GST (5%)374 =7854/- | 3×8 =24 Cm$^2$ 24×275= 6600 - Discount15% (975) +GST (5%)281 =5906 | 1948 |
| 2 | 118/23.11.2021 24004/- | 321000054926/ 06.10.2021 മാതൃഭൂമി | 5×8=40 Cm$^2$ 275/cm$^2$ | 11000 Discount15% (1650) +GST (5%)468 =9817 | 3×8 =24 Cm$^2$ 24×275= 6600- Discount15% (975) +GST (5%)281 =5906 | 3911 |
| 3 | | 321000042431/ 03.09.2021 മാതൃഭൂമി | 5×8=40 Cm$^2$ 275/cm$^2$ | 11000 Discount 15% (1650) +GST (5%)468 =9817 | 3×8 =24 Cm$^2$ 24×275= 6600- Discount15% (975) +GST (5%)281 =5906 | 3911 |
| 4 | 239/15.03.2022 240/15.03.2022 19636 | 321000065907/ 06.11.2021 മാതൃഭൂമി | 5×8=40 Cm$^2$ 275/cm$^2$ | 11000 Discount 15% (1650) +GST (5%)468 =9817 | 3×8 =24 Cm$^2$ 24×275= 6600- Discount15% (975) +GST (5%)281 =5906 | 3911 |
| 5 | 239/15.03.2022 240/15.03.2022 19636 | 321000077910/ 06.12.2021 മാതൃഭൂമി | 5×8=40 Cm$^2$ 275/cm$^2$ | 11000 Discount 15% | 3×8 =24 Cm$^2$ 24×275= 6600- | 3911 |

| | | | | | | |
|---|---|---|---|---|---|---|
| | | | | (1650) +GST (5%)468 =9817 | Discount15% (975) +GST (5%)281 =5906 | |
| | ആകെ | | | | | 17592 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/11.01.2023) മറുപടി ലഭിച്ചില്ല. അധികം ചെലവഴിച്ച 17592/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-4 വൃദ്ധർക്ക് കട്ടിൽ വിതരണം-അനർഹരായവർക്ക് ആനുകൂല്യം നൽകി- 13050/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

പ്രോജക്ട് നം.: S0041/22

പ്രോജക്ടിന്റെ പേര്: പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ

അടങ്കൽ: 251000/-

ചെലവ് : 252300/-

BRN No-21070952008401463592, 2703.22, 204453/-

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പിലാക്കിയ പട്ടികജാതി വൃദ്ധർക്ക് കട്ടിൽ വിതരണം എന്ന പദ്ധതി പ്രകാരം ആകെ 47ഗുണഭോക്താക്കൾക്ക് ആർട്ട്കോയിൽ നിന്നും കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾ സമർപ്പിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഫയലിൽ സിഡ്കോയുടെ പ്രഫോർമ ഇൻവോയിസ് പ്രകാരം കട്ടിൽ ഒന്നിന് 4300/- രൂപയായിരിക്കെ 4350/-രൂപയ്ക്ക് ആണ് ആർട്ട്കോയിൽ നിന്ന് വാങ്ങൽ നടത്തിയിരിക്കുന്നത്. വിശദീകരണം നൽകേണ്ടതാണ്.

മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്/മേൽവിലാസം | റിമാർക്ക്സ് |
|---|---|---|
| 1 | മോഹനൻ, മേലെടുത്തുകാട്ടിൽ, ആറാട്ടുപുഴ | അപേക്ഷ ഹാജരാക്കിയിട്ടില്ല. |
| 2 | ശശി, വടക്കേഇലമ്പാത്ത്, ആറാട്ടുപുഴ | അപേക്ഷ ഹാജരാക്കിയിട്ടില്ല. രജിസ്റ്ററിൽ രണ്ട് പ്രാവശ്യം കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ആധാർ കാർഡ് പ്രകാരം ടി ഗുണഭോക്താവിന്റെ ജനന വർഷം 1964ആണ്. അതിൻ പ്രകാരം 03/22 ൽ ടിയാരിക്ക് 58 വയസ്സ് മാത്രമെ പൂർത്തിയാകു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 60 വയസ്സ് കഴിഞ്ഞവർക്ക് മാത്രമെ ടി ആനുകൂല്യം നൽകാനാവൂ. |
| 3 | സരസമ്മ, പാണ്ഡ്യാലയിൽ, ആറാട്ടുപുഴ | അപേക്ഷ ഹാജരാക്കിയിട്ടില്ല. |
| 4 | ശശിധരൻ, ഇടശ്ശേരികാട്ടിൽ, ആറാട്ടുപുഴ | അപേക്ഷ ഹാജരാക്കിയിട്ടില്ല. |
| 5 | തങ്കപ്പൻ, മേലടത്തുകാടിൽ, ആറാട്ടുപുഴ | രജിസ്റ്ററിൽ കട്ടിൽ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ല. |
| 6 | ഓമന, വടക്കേഇലമ്പാത്ത്, ആറാട്ടുപുഴ | രജിസ്റ്ററിൽ കട്ടിൽ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ല. |

| | | |
|---|---|---|
| 7 | ഭാസ്കരൻ,<br>മേലടത്തുകാടിൽ,<br>ആറാട്ടുപുഴ | രജിസ്റ്ററിൽ കട്ടിൽ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ല. |
| 8 | കൊച്ചുചെറുക്കൻ,<br>കിഴക്കേമുക്കതിൻ,<br>ആറാട്ടുപുഴ | ആധാർ കാർഡ് പ്രകാരം ടി ഗുണഭോക്താവിന്റെ ജനന വർഷം 1963 ആണ്. അതിൻ പ്രകാരം 03/22 ൽ ടിയാരിക്ക് 59 വയസ്സ് മാത്രമെ പൂർത്തിയാകൂ. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 60 വയസ്സ് കഴിഞ്ഞവർക്ക് മാത്രമെ ടി ആനുകൂല്യം നൽകാനാവൂ. |
| 9 | സുദർശന,<br>പുത്തൻമണ്ണേൻ,<br>ആറാട്ടുപുഴ | ആധാർ കാർഡ് പ്രകാരം ടി ഗുണഭോക്താവിന്റെ ജനന വർഷം 1974 ആണ്. അതിൻ പ്രകാരം 03/22 ൽ ടിയാരിക്ക് 48വയസ്സ് മാത്രമെ പൂർത്തിയാകൂ. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 60 വയസ്സ് കഴിഞ്ഞവർക്ക് മാത്രമെ ടി ആനുകൂല്യം നൽകാനാവൂ. |

അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/28.6.22) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ സബ്സിഡി മാർഗ്ഗ രേഖ പ്രകാരമുള്ള അടിസ്ഥാന മാനദണ്ഡമായ 60 വയസ്സ് തികയാത്ത ഗുണഭോക്താവിന് നൽകിയ കട്ടിലിന്റെ വിലയായ 13050/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 കുടിവെള്ള വിതരണം നടത്തിയതിന് നൽകിയ തുകയിൽനിന്ന് ആദായ നികുതി കുറവ് ചെയ്തില്ല

ഗ്രാമ പഞ്ചായത്തിൽ ടാങ്കറിൽ കുടിവെള്ള വിതരണം നടത്തിയതിന് ഷാഹുൽ ഹമീദ് എന്ന വ്യക്തിക്ക് താഴെപ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്. ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194(സി) പ്രകാരം ഒറ്റ തവണ ഒരു കോൺട്രാക്ടർക്ക് 30000/- രൂപയിൽ അധികം നല്കുമ്പോഴോ ഒരു സാമ്പത്തിക വർഷം നല്കുന്ന മൊത്ത തുക 1,00,000/-രൂപ കവിയുമ്പോഴോ അയാളിൽ നിന്നും 1% ആദായ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത കരാറുകാരന് നല്കിയ തുകയിൽ നിന്നും ആദായ നികുതി കുറവ് ചെയ്തിട്ടില്ല.

| പ്രോജക്ട് നം. | നൽകിയ തുക/ബിൽനം./ തീയതി | ഈടാക്കേണ്ട ആദായനികുതി | കരാറുകാരൻ |
|---|---|---|---|
| 186/22-<br>കുടിവെള്ള വിതരണം-അധിക തുക വകയിരുത്തൽ | 447559/-<br>(54/28.01.2022) | 4476 | ഷാഹുൽ ഹമീദ് |
| | 1000226/-<br>(71/30.03.2022) | 10002 | |
| | Total-1447785 | | |
| 118/22<br>ടാങ്കറിൽ കുടിവെള്ളവിതരണം | 27360/-<br>(98/28.10.2021) | 274 | ഷാഹുൽ ഹമീദ് |
| | 272640/-<br>(114/17.11.2020) | 2726 | |
| | Total-300000 | | |
| ആകെ | | 17478 | |

മേൽ തുകകൾ നല്കിയപ്പോൾ ആദായ നികുതി കുറവ് ചെയ്തില്ല. കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞു നൽകിയ എൻക്വയറിക്ക് (15/10.01.2023) മറുപടി ലഭ്യമാക്കിയില്ല. 17478/-രൂപ കരാറുകാരനിൽനിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 400000 | ലൈഫ്ഭവന നിർമ്മാണം | 400000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 259900 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 259900 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 50000 | അനുപൂരക പോഷകാഹാരം | 50000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 300000 | പാലിന് സബ്സിഡി | 300000 | 00 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 201132 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 201132 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 469000 | കോവിഡ് 19 | 0 | 469000 |
| ആകെ | | 1680032 | | 1211032 | 469000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | ലൈഫ്ഭവന നിർമ്മാണം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 252775 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 252775 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അനുപൂരക പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | അഗതി ആശ്രയ | 200000 | 0 |
| ആകെ | | 752775 | | 752775 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവ്യത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവ്യത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവ്യത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 117/22 സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 1)1892847/-(318 /31.03.2022) 2)613600/-(319 /31.03.2022) | 2506447 | | 2506447 |
| കെ.എസ്.ഇ.ബി | 163/22 വൈദ്യുത പോസ്റ്റുകൾ മാറ്റിയിടൽ | 136/01.12.2021 | 92589 | | 92589 |

| | | | | | |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | 189/22 വിവിധ വാർഡുകളിൽ ട്യൂബ്‌വെൽ സ്ഥാപിക്കൽ | 1)2280000/-(206/14.02.2022) 2)955000/-(320/31.03.2022) | 3235000 | | 3235000 |
| കേരള വാട്ടർ അതോറിറ്റി | 176/22 എം സി എഫ് കുടിവെള്ള കണക്ഷൻ | 213/16.02.2022 | 21300 | | 21300 |
| കേരള വാട്ടർ അതോറിറ്റി | 121/22 മണിവേലിക്കടവിൽ പുതിയ ട്യൂബ്‌വെൽ സ്ഥാപിക്കൽ | 205/14.02.2022 | 327000 | | 327000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുകയുടെ വിവരം

മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 2020-21 | LIFE | ലഭ്യമായില്ല | 200000 | 2839982 | 894667 | | 2145315 |

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10255998 |
| തൻവർഷ നിക്ഷേപം | 232060 |
| ആകെ | 10488058 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 10488058 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-32 | 2012-13 | - | സമ്പൂർണ്ണ ഊർജ്ജസൂത്രണം ഹോമിയോ മെഡിക്കൽ ഓഫീസർ മരുന്ന വാങ്ങൽ പദ്ധതി നിർവ്വഹണ തുക | ലഭ്യമല്ല |
| 2009-10 | 3-12 | | | | |
| 2010-11 | 3-15 | | | | |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 109525598 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 103285580 |
| വരവിനങ്ങളിലുള്ള നഷ്ടം | 300 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 394849 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8265890 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 300 | | ലത.എൽ, സെക്രട്ടറി |
| 3-1 | | 11116 | ജിന അരവിന്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 353091 | |
| 3-3 | | 17592 | ലത.എൽ, സെക്രട്ടറി |
| 3-4 | | 13050 | ഗീതാകുമാരി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 300 | 394849 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 6182336/- | ലത.എൽ, സെക്രട്ടറി |
| 1-15 | 50000 | ഗീതാകുമാരി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-17 | 30000 | ഗീതാകുമാരി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-20-2 | 41800 | സാജിത എസ്, ഹെഡ്മിസ്ട്രസ്, ഗവ.എൽ പി എസ് |
| 1-21 | 183854 | ഡോ.നൂപുര,മെഡിക്കൽ ഓഫീസർ, എഫ്.എച്ച്. സി, ആറാട്ടുപുഴ |
| 1-23 | 625000 | ഡോ.ബിനിൽ ബി ചന്ദ്രൻ, വെറ്ററിനറി സർജൻ |
| 1-24 | 1000000 | സാജിദ എസ്, ഹെഡ്മിസ്ട്രസ്, ഗവ.എൽ പി എസ് |
| 1—20-1 | 152900 | സാജിദ എസ്, ഹെഡ്മിസ്ട്രസ്, ഗവ.എൽ പി എസ് |
| ആകെ | 8265890 | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-27 | 5119 | ജിന അരവിന്ദ്,അസ്സി.എൻജിനീയർ. |

| | | |
|---|---|---|
| 1-28 | 34524 | കെ പ്രസന്നകുമാരി, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| | | ലത.എൽ, സെക്രട്ടറി |
| | | ബിന്ദു ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-31 | 6750 | ലത.എൽ, സെക്രട്ടറി |
| 3-5 | 17478 | ലത.എൽ, സെക്രട്ടറി |

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലത.എൽ, സെക്രട്ടറി | സെക്രട്ടറി, റാന്നി പെരിനാട് ഗ്രാമപഞ്ചായത്ത് | വല്ലകി, കുട്ടപ്പാന, നെയ്യാറ്റിൻകര.പി.ഒ. |
| ബിന്ദു ആർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, തൃക്കുന്നപ്പുഴ | ശ്രാവണ, വടക്കുതല ഈസ്റ്റ്.പി.ഒ, കരുനാഗപ്പള്ളി. |
| സജീദ.എസ്.ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ് മംഗലം | ഒറ്റപ്പനയ്ക്കൽ,ചിങ്ങോലി.പി.ഒ, എൻ.ടി.പി.സി.ജംഗ്ഷൻ ചിങ്ങോലി-690532 |
| ജിനു അരവിന്ദ്, അസ്സി.എൻജിനീയർ | ജിനു അരവിന്ദ്, അസ്സി.എൻജിനീയർ | മഞ്ജുനിവാസ്, കട്ടക്കപുരം, ക്ലാപ്പനപി ഒ, കൊല്ലം |
| ഡോ.നൂപുര, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്. സി, ആറാട്ടുപുഴ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്. സി, ആറാട്ടുപുഴ | തെക്കേപ്പുറമ്പിൽഹൗസ്, മംഗലം പി ഒ, തൃക്കുന്നപ്പുഴ |
| ഡോ.ബിനിൽ.ബി.ചന്ദ്രൻ | വെറ്ററിനറി സർജ്ജൻ, ആറാട്ടുപുഴ | സദനം, മുതുകുളം.പി.ഒ, ആലപ്പുഴ |
| ഗീതാകുമാരി വി | അസിസ്റ്റന്റ് സെക്രട്ടറി, ചെന്നിത്തല തൃപ്പെരുംതുറ ഗ്രാമപഞ്ചായത്ത് | ചെറിയ മഠത്തിൽ നടുവട്ടം പി ഒ പള്ളിപ്പാട് |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1986-87 | എൽ.എഫ്.എ.1486/89/10.03.90 |
| 1987-88 | എൽ.എഫ്.എ.1570/90/06.02.91 |
| 1988-89 | എൽ.എഫ്.എ.730/91/12.8.92 |
| 1989-90 | എൽ.എഫ്.എ.564/92/18.08.92 |

| | |
|---|---|
| 1990-91,1991-92 | എൽ.എഫ്.എ.1057/93/05.11.95 |
| 1992-93 | എൽ.എഫ്.എ.1216/94/17.01.95 |
| 1993-94 | എൽ.എഫ്.എ.116/98/5.3.96 |
| 1994-95, 1995-96 | എൽ.എഫ്.എ5/58/98/26.0.98 |
| 1996-97 (ചെലവ്) | എൽ.എഫ്.എ5/667/98/11.08.2000 |
| 1996-97 (വരവ്) | എൽ.എഫ്.എ5/667/98/11.08.2000 |
| 997-98 (ചെലവ്) | എൽ.എഫ്.എ10/1209/00/17.03.01 |
| 1997-98 (വരവ്) | എൽ.എഫ്.എ8/594/05/8.2.06 |
| 1998-99 | എൽ.എഫ്.എ8/118/02/7.12.02 |
| 1999-2000 (ചെലവ്) | എൽ.എഫ്.എ8/1413/03/13.4.04 |
| 2000-01 | എൽ.എഫ്.എ8/1414/03/13.04.04 |
| 2001-02 | എൽ.എഫ്.എ13/375/08/17.12.08/13.01.09 |
| 2002-03 | എൽ.എഫ്.എ13/380/08/19.12.08/19.01.09 |
| 2003-04 | എൽ.എഫ്.എ13/381/88/19.12.08/16.01.09 |
| 2004-05 | എൽ.എഫ്.എ13/393/08/7.4.09 |
| 2005-06, 2006-07(ചെലവ്) | എൽ.എഫ്.എ13/483/09/8.5.09 |
| 2006-07 (വരവ്) | എൽ.എഫ്.എ.13/549/10/31.01.2011 |
| 2007-08 | എൽ.എഫ്.എ13/550/10/31.01.2011 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.എ.പി4.1068/2012, തീയതി, 12.12.12/08.03.13 |
| 2011-12, 2012-13 | എൽ.എഫ്.എ.പി14/1839/2014/ 10.02.15 |
| 2013-14 | എൽ.എഫ്.എ.പി4/671/15/4.08.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി4-745/16, 16.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി13-1448/16, തീയതി.17.12.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി-പി13-746/2017 തീയതി. 19.06.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി-പി13-1657/2018 തീയതി. 05.01.2019 |
| 2018-19 | കെ.എസ്.എ.എ.എൽ.പി-പി9- 793/2020 തീയതി. 12.01.2021 |
| 2019-20 | കെ.എസ്.എ/എ.എൽ.പി/പി9-1051/2021 തീയതി.19.03.2022 |
| 2020-21 | കെ.എസ്.എ/എ.എൽ.പി/പി9/1052/2021 തീയതി.19.03.2022 |

..

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്